Registered No. M-4485

Madras War Review, Malayalam—3-8-1945

UNIVERSITY LIBRARY
7 AUG 1945
MADRAS.

# യുദ്ധസഞ്ചിക

വോള്യം IV] മദിരാശി: 1945 ആഗസ്റ്റ് 3-ാംനു, വെള്ളിയാഴ്ച [ലക്കം 46



## പുതിയ യുഗത്തിൻെറ പിറവി

**യു**ദ്ധത്തെത്തടയുന്നതിന്നുവേണ്ട ഒരു പുതിയ ലോകവ്യവസ്ഥ വേണമെന്നുള്ള ഞങ്ങളുടെ അഭിപ്രായത്തിൽനിന്നു ഞങ്ങൾ തെല്ലും വ്യതിചലിച്ചിട്ടില്ല.

**അ**തേപോലെത്തന്നെ, ലോകത്തിലെ ജനതകളുടെ ജീവിതത്തോത്തു് വർദ്ധിപ്പിക്കുന്ന പരിശ്രമത്തിന്മേൽ അധിഷ്ഠിതമായ ഒരു ലോക സാമ്പത്തികനയവും ഞങ്ങൾക്കുണ്ടു്.

**നാം** ഒരു പുതിയ യുഗത്തെ അഭിമുഖീകരിക്കുന്നു; നീണ്ട യുദ്ധകാലത്തെ എത്രമേൽ ധൈര്യത്തോടും സഹനതയോടുമാണ് അഭിമുഖീകരിച്ചതു്, അത്ര ധൈര്യത്തോടെത്തന്നെയാണ് ബ്രിട്ടനിലെ ജനങ്ങൾ ഈ നവയുഗത്തേയും അഭിമുഖീകരിക്കുന്നതെന്നു ഞാൻ കരുതുന്നു.

**ലോ**കസമാധാനവും അഭ്യുന്നതിയും നിർമ്മിക്കുന്നതിന്നായി ബ്രിട്ടീഷു ജനാധിപത്യത്തിന്നു വമ്പിച്ച സംഭാവനകൾ നൽകാൻ കഴിയുമെന്നു എനിക്കു ദൃഢവിശ്വാസമുണ്ടു്.

—ബ്രിട്ടനിലെ പ്രധാന മന്ത്രി മി. ക്ലെമൻറ് ആററ്ലി 1945 ജൂലായി 27-ാംനു ലണ്ടനിൽവെച്ചു ചെയ്ത ഒരു പ്രസംഗത്തിൽ

# ജനകീയത്വമോ സംഹാരമോ?

## എന്താണ് വേണ്ടതു്?

ജാപ്പ സാമ്രാജ്യത്തെ സംഹാരത്തിന്റെ വക്കത്തെത്തിച്ച ദുരഹങ്കാരികളും സൈനികസ്വേച്ഛാപ്രഭുക്കളുമായ ഉപദേഷ്ടാക്കളാൽത്തന്നെ ഇനിയും ജാപ്പാൻ നയിക്കപ്പെടേണമോ, അതോ യുക്തിയുടെ മാർഗ്ഗം അവർ സ്വീകരിക്കേണമോ എന്നു തീർച്ചപ്പെടുത്തുന്നതിന്നുള്ള സമയം സമാഗതമായിരിക്കുന്നു.

താഴെ പറയുന്നതാണ് ഞങ്ങളുടെ ഉപാധികൾ

ലോകാക്രമണത്തിന്നായി ജാപ്പാനെ പ്രേരിപ്പിക്കുകയും തെററി നയിക്കുകയും ചെയ്ത അധികാരത്തേയും, അതിന്റെ സ്വാധീനത്തേയും എന്നെന്നേക്കുമായി ഉന്മൂലനാശം ചെയ്യണം.

ഹോൺഷു, ഹൊക്കേസിയോ, ക്യൂഷു, ഷിക്കോകു, തുടങ്ങിയ കൊച്ചുദ്വീപുകളിന്മേലും മാത്രമേ ജപ്പാന്നു പരമാധികാരത്വം ഉണ്ടാകാൻ പാടുള്ളു.

തികച്ചും നിരായുധീകരിച്ചശേഷം ജാപ്പപട്ടാളങ്ങളെ തങ്ങളുടെ നാട്ടിൽ പോയി സമാധാനപരമായ ജീവിതം നയിക്കുന്നതിന്ന് അനുവദിക്കുന്നതാണ്.

എല്ലാ യുദ്ധക്കുററവാളികൾക്കും കടുത്ത ശിക്ഷ നൽകപ്പെടും.

ജാപ്പ ജനതകൾക്കിടയിൽ ജനകീയാഭിപ്രായങ്ങൾ പ്രചരിക്കുന്നതിന്നും പ്രബലമാകുന്നതിന്നും ഇന്നുള്ള എല്ലാ തടസ്സങ്ങളും ജപ്പാനീസ് ഗവമ്മേണ്ടു് തട്ടിനീക്കണം.

പ്രസംഗസ്വാതന്ത്ര്യം, മതസ്വാതന്ത്ര്യം, ചിന്താസ്വാതന്ത്ര്യം, മൌലികമായ മനുഷ്യാവകാശങ്ങളോടുള്ള ആദരവ് ഇവയെല്ലാം സ്ഥാപിക്കപ്പെടേണ്ടതാണ്.

എല്ലാ ജാപ്പസേനകളും നിരുപാധികമായി കീഴടങ്ങിയതായി വിളംബരം ചെയ്യാൻ ഞങ്ങൾ ജാപ്പ ഗവമ്മേണ്ടിനോടു ആഹ്വാനം ചെയ്യുന്നു.

അല്ലാത്തപക്ഷം പരിപൂർണ്ണമായ നശീകരണമാണ് ജാപ്പാൻകാരെ കാത്തിരിക്കുന്നതു്.

—അമേരിക്ക, ചൈന, ബ്രിട്ടൻ എന്നീ രാഷ്ട്രങ്ങളിലെ ഭരണാധിപന്മാർ, 1945 ജൂലായി 6-ാംനു-പോട്സ്ഡാമിൽവെച്ചു് ജപ്പാനു നൽകിയ അന്ത്യശാസനത്തിൽനിന്ന്.

# സയൻസും സമുദായവും

(തുടച്ച്)

[ആധുനികശാസ്ത്രകാരന്മാരിൽ അഗ്രഗണ്യനായ ഒരാളത്രേ പ്രഫസ്സർ ലെവി. അദ്ദേഹത്തിന്റെ ശാസ്ത്രീയ ഗ്രന്ഥങ്ങളും പരീക്ഷണങ്ങളും മനുഷ്യസമുദായത്തിന്റെ അമൂല്യനേട്ടങ്ങളാണ്. ഈ ലേഖനത്തിൽ സയൻസിന്റെ ആവിർഭാവംമൂലം ലോകത്തിനുണ്ടായ പുരോഗമനം, അതേസമയത്തു് ആ നേട്ടങ്ങളെ വേണ്ടവിധത്തിൽ ഉപയോഗിക്കായ്കമൂലമുള്ള വിഷമങ്ങളും തകരാറുകളും, നാളെത്തെ സയൻസ് എങ്ങിനെയിരിക്കണമെന്ന് ഒരഭിപ്രായം,—ഇങ്ങിനെ പല പ്രശ്നങ്ങളെപ്പററിയും സംക്ഷിപ്തമായി, എങ്കിലും സാരഗർഭമായി പ്രതിപാദിക്കുന്നു. ഇന്ത്യ ഇന്നു് വ്യവസായ പുരോഗമനത്തിന്റെ പടിവാതില്ക്കൽ മുട്ടിനിൽക്കുന്ന ഒരു ദശാസന്ധിയിലാണ്. ഇത്തരുണത്തിൽ തൽസംബന്ധമായ ചില ശാസ്ത്രീയാഭിപ്രായങ്ങൾ മനസ്സിലാക്കുന്നതു പ്രയോജനപ്രദമായിരിക്കും. സ്വാർത്ഥതല്പരതയെ ലാക്കാക്കിയുള്ള വ്യവസായത്തിന്റെ ഭയങ്കരമായ ഭവിഷ്യൽഫലങ്ങളെന്തായിരിക്കുമെന്നു മറുനാട്ടിലെ അനുഭവങ്ങൾ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. സാമുദായികോപയോഗം ആദർശവും മൂലപ്രമാണവുമാക്കിയുള്ള സംരംഭത്തിന്നേ പരിപൂർണ്ണമായി വിജയിക്കുവാനും സമാധാനപരമായി ജീവിക്കുവാനും കഴികയുള്ളു. ഈ വാസ്തവികതയുടെ നേരിയ ഛായകൾ ഈ ലേഖനത്തിൽനിന്നു തിരഞ്ഞുപിടിക്കാൻ കഴിയും. നാമെല്ലാവരും ഉറക്കെ ഗാഢമായി ചിന്തിക്കേണ്ട ഒരവസരമാണിതു്. മററുള്ള ചിന്തകന്മാരുടെ അഭിപ്രായഗതികളേയും ആശയാദർശങ്ങളേയും ആരാഞ്ഞറിയുന്നതു് അതിന്നു കൂടുതൽ സഹായകമായിരിക്കും.—യു. സ. പ.]

## പ്രഫസർ ഹിമൻ ലെവി

ആവിയുഗ (Steam Age) ത്തിനുശേഷം ഉണ്ടായ ഫലങ്ങൾ ഒരു സാമൂഹ്യ പരിവത്തനത്തിന്റെ നാന്ദി മാത്രമായിരുന്നു. സമുദായത്തിന്റെ ആവശ്യത്തിന്നനുസരിച്ചുള്ള ക്രമാനുഗതമായ ഗതിവികാസത്തിന്നും പുരോഗമനത്തിന്നും അവ മാർഗ്ഗം തെളിയിച്ചു. ശാസ്ത്രവും സാങ്കേതികരീതിയും സാമുദായികാവശ്യങ്ങളെ സംതൃപ്തമാക്കാനുള്ള സാധ്യത വ്യക്തമാക്കാൻ തുടങ്ങിയപ്പോൾ, ഈ നൂതനരീതിയെ ഉൾക്കൊള്ളിക്കുന്നതിന്നും ഫലപ്രദമാംവണ്ണം ഉപയോഗിക്കുന്നതിന്നും സാമൂഹ്യഘടന വികസിച്ചേതരമുള്ളു എന്ന നിലയായി. സംഭവപരമ്പരകളുടെ ഈ അനന്തരഫലങ്ങൾ നിങ്ങൾക്കു മനസ്സിലാകണമെങ്കിൽ ഇതിനിടയിൽ മാത്രം പുതുതായുണ്ടായതും—അതേ സമയത്തു നശിച്ചതും—ആയ വ്യവസായങ്ങളുടെ കണക്കെടുത്തു നോക്കിയാൽ മതി. അമ്പതു കൊല്ലത്തിന്നു മുമ്പു നാമും നമ്മുടെ സ്നേഹിതന്മാരും ഇപ്പോഴുള്ള ഉദ്യോഗത്തിലും പ്രവൎത്തനങ്ങളിലും ഏർപ്പെട്ടമായിരുന്നുവോ എന്നു നമുക്കു സ്വയം ചോദിച്ചു നോക്കുക. ട്രാൻസ്പോർട്ട് വ്യവസായത്തെത്തന്നെ എടുത്തു നോക്കുക: കുതിര, തീവണ്ടി, മോട്ടോർകാർ, ആകാശവിമാനം, ഇങ്ങിനെ എത്ര തീവ്രമായ പുരോഗമനമാണ് ആ ഒരൊററ തുറയിൽ മാത്രം ഉണ്ടായിരിക്കുന്നതു്!

"ബുദ്ധിപരമായ" കൃത്യങ്ങൾക്കൂടി യന്ത്രീകരിച്ചിരിക്കുന്നു. മനുഷ്യൻ ചെയ്യുന്ന പ്രവൃത്തികളെ യന്ത്രങ്ങൾ ഏറെറടുക്കുകമാത്രമല്ല, ആ കൃത്യങ്ങളെ കൂടുതൽ കണിശവും കാര്യകാരണസമ്പൂർണ്ണവുമാക്കിത്തീർത്തിട്ടുണ്ടു്. കയ്യും കരളും ഒരുപോലെ യന്ത്രങ്ങൾക്കു സ്ഥലം മാറിക്കൊടുക്കുന്നു. ഈ യന്ത്രങ്ങളുടെ ഉല്പാദനം തന്നെ ഒരു പുതിയ വ്യവസായമായി പരിണമിക്കുന്നു. അങ്ങിനെയുള്ള ഒരു ഉദാഹരണമെടുത്തു നമുക്കു സവിസ്തരം പ്രതിപാദിക്കാം.

ഒരു പ്രത്യേകരീതിയിൽ കൽക്കരി ചൂടുപിടിപ്പിച്ചപ്പോൾ, അതിൽനിന്നു പ്രധാനമായും മൂന്നു തരം സാധനങ്ങൾ—കോൾഗ്യാസ്, കോൾട്ടാർ, അമോണിക്കൽ ലികർ—ഉത്ഭവിച്ചു. 1789 മുതൽ കോൾഗാസ് ഉണ്ടാക്കിത്തുടങ്ങിയിരുന്നു. പതിനഞ്ചുകൊല്ലത്തിന്നു ശേഷം പൊതു ആവശ്യങ്ങൾക്കായി അവ ഉപയോഗപ്പെടുത്താൻ തുടങ്ങി. ഗ്യാസ് വിളക്കുകൾ പ്രചാരമായി. സാമൂഹ്യമായ ഒരു നോട്ടമായിരുന്നു അതു്. എന്നാൽ ഗ്യാസ് നിർമ്മാണത്തിന്നു ശേഷം അവശേഷിച്ച ചില സാധനങ്ങൾ ഒരു സാമൂഹ്യലക്ഷ്യവുമായിരുന്നു. വിളക്ക് ഒരു സാമൂഹ്യാവശ്യമാണ്; പക്ഷേ അവയിൽനിന്നുണ്ടാവുന്ന ദുർഗ്ഗന്ധത്തെ ദൂരീകരിക്കേണ്ടതും അത്രതന്നെ സർവ്വപ്രധാനമായ ഒരു സാമൂഹ്യാവശ്യമായിവന്നു. വ്യാപാരിയല്ല, ശാസ്ത്രകാരനാണ് ഈ സാമഗ്രികളിൽ പരിശോധന നടത്തിയതു്. ബെന്തൽ കോൾട്ടാറിൽനിന്നു ഒരു പുതിയ തരം എണ്ണ കണ്ടുപിടിച്ചു; മരസാമാനങ്ങൾക്കു കൂടുതൽ ഈട്ടം വൃത്തിയും ഉണ്ടാക്കുന്നതിന്നു ഈ എണ്ണ പ്രയോജനപ്പെട്ടു. റയിൽവെയ്ക്കുപയോഗിച്ചുവന്ന മരക്കഷ്ണങ്ങൾ തുരുമ്പു പിടിക്കുന്നതിനെ തടുക്കാൻ ഈ എണ്ണ പര്യാപ്തമായിരുന്നതിനാൽ രാജ്യത്തിന്റെ ആ പ്രശ്നത്തിന്നു ഇതുമൂലം പരിഹാരം കാണ്മാൻ കഴിഞ്ഞു. ഇരുപതു വർഷത്തിന്നു ശേഷം, അതേവരെയും ദൂരെക്കളഞ്ഞിരുന്ന കോൾട്ടാറിൽനിന്നു ബൻസെയിൻ കണ്ടുപിടിച്ചു. 1825 ൽ ഫാരഡി തന്റെ ലാബറട്ടറിയിൽനിന്നു വേർതിരിച്ചു കാണിച്ച ബെൻസെയിൻ ഏതിൽനിന്നാണ് എടുക്കേണ്ടതെന്നു അതേവരെ ആക്കും അറിഞ്ഞിരുന്നില്ല. അന്നുവരെയും കൂലി കൊടുത്തു കോൾട്ടാർ ദൂരെ നീക്കം ചെയ്യുന്നതിന്നു മടിക്കാത്ത വ്യവസായ മേധാവികൾ, അതിനെപ്പററി പഠിക്കുന്നതിന്നും പരിശോധന നടത്തുന്നതിന്നും ഒരു കെമിസ്റ്റിനെ വിളിക്കാൻ ഉദ്ദേശിച്ചില്ല. ആ ഒരാശയം അന്നവക്കു് ഉണ്ടായിരുന്നതേ ഇല്ല. 1856 ൽ പതിനെട്ടു വയസ്സായ പെർക്കിൻ എന്ന ഒരു യുവാവ് ബെൻസിനിൽനിന്നു ഒരു തരം ചായം കണ്ടെത്തി—ആധുനിക ചായവ്യവസായം ഇതിന്നു ശേഷമാണ് അത്ര അധികം അഭിവൃദ്ധി പ്രാപിച്ചതു്. സാമൂഹ്യജീവിതം വിജയകരമാംവിധം അഭിവൃദ്ധി പ്രാപിക്കുന്നതിൽ എത്രമാത്രമാണ് സാങ്കേതികശാസ്ത്രം സഹായിച്ചിട്ടുള്ളതെന്നു അതിന്റെ ചരിത്രം ഉച്ചൈസ്തരം ഉൽഘോഷിക്കുന്നുണ്ടെങ്കിലും, അതിന്നുവേണ്ടി പരിശ്രമിക്കുന്നവക്കു കിട്ടിവരുന്ന പ്രോത്സാഹനം മിക്കസന്ദർഭങ്ങളിലും നൈരാശ്യം മാത്രമായിരുന്നു.

രണ്ടാമതു് ഈ പുതിയ കണ്ടുപിടുത്തത്തെ ഫാക്ടറിയിലേക്കു കൊണ്ടുവരുന്നു. ശുദ്ധശാസ്ത്രത്തിന്റെ സൈദ്ധാന്തികവകാശത്തെ ഇവിടെ വെ

(ബാക്കി 11-ാം പേജിൽ)

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി: 1945 ആഗസ്റ്റ് 3-ാംനു, വെള്ളിയാഴ്ച


## ജാപ്പ ഫാസിസത്തിന്റെ വിറകൊള്ളൽ

മറെറല്ലാ സംഭവത്തെക്കാളും, പ്രാധാന്യമുള്ളതാണ് ഇന്നത്തെ സാർവ്വലൌകിക സ്ഥിതിയിൽ ബ്രിട്ടനിലെ പുതിയ ഗവൺമെണ്ടിന്റെ ആവിർഭാവം. രണ്ടാമത്തെ സംഭവം ജാപ്പാനോട്ട നിരുപാധികമായി കീഴടങ്ങുന്നതിന്നുള്ള സംഖ്യകക്ഷികളുടെ അന്ത്യശാസനവുമാണ്.

എന്നാൽ ഈ രണ്ടു സംഭവങ്ങളുടെ വെളിച്ചത്തിൽ, ജാപ്പ പട്ടാളമേധാവികളുമായി ഒരു ഒത്തുയടക്കുന്ന രീതിയിലുള്ള സമാധാനം ഉണ്ടാവുമെന്നു സംഖ്യപക്ഷക്കാരും ജപ്പാൻകാരും വിശ്വസിക്കുന്നില്ല.

നാസി സമ്പ്രദായത്തെ നശിപ്പിച്ച ജനാധിപത്യം അതിജീവിച്ചു എന്നുമാത്രമല്ല, അതു മാത്രമാണു ഒരു പുരോഗമനപരമായ സാമൂഹ്യനിയമം വളർത്തുന്നതിന്നു പര്യാപ്തമാകയുള്ളു എന്നു ജനങ്ങളിൽ കൂടുതൽ വിശ്വാസമുണ്ടാവുകയും ചെയ്തു. ഒരു രാത്രികൊണ്ടു, കോളിളക്കമുണ്ടാക്കുന്ന സംഭവങ്ങളാണ് ബ്രിട്ടീഷ് ഗവൺമെണ്ടിൽ വന്ന മാററം കൊണ്ടുണ്ടായതു്. അതാകട്ടെ യാതൊരുവിധ അനാശാസ്യസംഭവങ്ങൾക്കും ഇടം കൊടുക്കാത്തനിലയിൽ ബഹുജനങ്ങളുടെ വിധിയെ അടിസ്ഥാനപ്പെടുത്തി സൃഷ്ടിക്കപ്പെട്ടതാണ്.

ഇതു, ജാപ്പാന്നു കൊടുത്ത അന്ത്യശാസനത്തിലടങ്ങിയിട്ടുള്ള ജനകീയതത്വത്തിന്നു ഒരു പ്രധാന കാരണമാണ്. ആ കാരണത്താൽ തന്നെ ഐക്യരാജ്യസംഘത്തിൽ ജനാധിപത്യ രാഷ്ട്രങ്ങൾക്കല്ലാതെ സ്ഥാനമില്ലെന്നും വന്നു.

### തൊഴിലാളി ഗവൺമെണ്ടിന്റെ യുദ്ധനയം

മി. ക്ലിമൻറ് ആററലിയുടെ ഗവൺമെണ്ടിന്ന് ഒരു നിസ്സാര പണിയല്ല ചെയ്യാനുള്ളു. യൂറോപ്പിനെ ആശ്രയിച്ചേ ഐക്യരാഷ്ട്രത്തിന്നൊ, ബ്രിട്ടന്നൊ ഭദ്രമായിരിക്കാൻ കഴിയൂ. സഖ്യരാഷ്ട്ര നയം ജർമ്മനിയുടെ നേർക്കുണ്ടായിരുന്നതെന്താണെന്ന് ജപ്പാനൊടനുവർത്തിക്കുന്ന നയത്തിൽനിന്നു നമുക്കു കിട്ടും. ശത്രുരാഷ്ട്രങ്ങളെ നശിപ്പിക്കുകയൊ, ജനങ്ങളെ അടിമകളാക്കുകയൊ സാദ്ധ്യമല്ല. അതു വളരെ വ്യക്തമാണ്. അതെസമയത്തു ഒരു പുതിയ തലമുറ സ്വയം രക്ഷക്കു പ്രാപ്തമായി എന്നു വിശ്വസിക്കാവുന്നതുവരെ ജർമ്മൻകാര്യത്തിൽ ഐക്യരാഷ്ട്ര മേൽനോട്ടം ആവശ്യമാണ്.

ബ്രിട്ടനിലെ രാഷ്ട്രീയ കക്ഷികളുടെ യുദ്ധനയത്തെ സംബന്ധിച്ചു സംശയമില്ല. പുതിയ പ്രധാനമന്ത്രി ജൂൺ 5-ാം തിയ്യതി പ്രഖ്യാപിച്ചു: "പൊതു തിരഞ്ഞെടുപ്പിൽ സംബന്ധിച്ച ഭരണകൂടത്തിൽ ഭിന്നിപ്പുണ്ടായിട്ടുണ്ടെങ്കിലും, യുദ്ധ ജയത്തിന്ന് അങ്ങേ അററം ചെയ്തു ജപ്പാനെ പരാജയപ്പെടുത്തുക എന്നതാണ് ലേബർ പാർട്ടിയുടെ നയം." ആർതർ ഗ്രീൻവുഡ് അമെരിക്കയോടു ഒരു പ്രക്ഷേപണത്തിൽ ഇങ്ങിനെ പറഞ്ഞു. "പൊതു തിരഞ്ഞെടുപ്പിന്റെ ഫലമെന്തായാലും ജാപ്പാനെ പരാജയപ്പെടുത്താൻ ഞങ്ങൾ നിങ്ങളൊന്നിച്ചുണ്ടു്."

### ജപ്പാനിൽ ലഘുലേഖകൾ

ജൂലായി 27-ാം തിയ്യതി ജപ്പാന്നെതിരായ സമരത്തിന്റെ പുതിയ ഒരു തുടക്കമാണ്. പ്രധാനപ്പെട്ട നഗരങ്ങളിൽ ലഘുലേഖകൾ വിതരണം ചെയ്തു ജനങ്ങളോടു അവരുടെ ജീവനും, ഭാര്യയും കുട്ടികളും അപകടത്തിലാണെന്നു അറിയിച്ചു. ബോംബെറിയുന്ന പട്ടണങ്ങളിൽ ഒഴിച്ചുപോവാൻ ജനങ്ങളെ അറിയിച്ചു. ഇങ്ങിനെ 60,000 ലഘുലേഖ വിതരണം ചെയ്തു. "നിർഭാഗ്യവശാൽ ബോംബുകൾക്കു കണ്ണില്ല" എന്നു കൂടി അവരെ മനസ്സിലാക്കി.

സംഖ്യകക്ഷികളുടെ ബോംബേറ് നിർദ്ദയമാണെന്നു ഒരു ജാപ്പ വക്താവു പറകയുണ്ടായി. മലയ, ഫിലിപ്പൈൻ, ബർമ്മ തുടങ്ങിയ സ്ഥലങ്ങളിൽ അവരെന്താണ് ചെയ്തതു്? പട്ടാളമേധാവികൾ കീഴടങ്ങിയാൽ നാം നമ്മുടെ ബോംബെറ് നിർത്തും.

ഈ ആഴ്ചയിൽ ജപ്പാന്റെ 'കൂറിൽ' എന്ന പ്രധാന നാവിക സങ്കേതത്തിൽ ബോംബിട്ടു 30,000 ടൺ വരുന്ന 'ഹ്യൂഗാ' എന്ന കപ്പലടക്കം 17 കപ്പലുകൾ നശിപ്പിച്ചു. ഇത്രയെല്ലാമായിട്ടും "യുദ്ധം തുടർന്നുകൊണ്ടുതന്നെ പോവുന്ന"താണെന്നു ജാപ്പ് മന്ത്രിസഭ തീർച്ചപ്പെടുത്തി. ഇതു ജർമ്മനി ചെയ്തപോലുള്ള ഒരു വിഡ്ഢിത്തമാണ്. ഇതു ജപ്പാനിലെ ജനങ്ങളുടെ ശബ്ദമാവാൻ നിവൃത്തിയില്ല.

ബ്രിട്ടീഷ് ഗവൺമെണ്ടിന്റെ യുദ്ധനയത്തിൽ വല്ല സംശയമുള്ള ജാപ്പ് റേഡിയോ തിരഞ്ഞെടുപ്പു ഫലം അറിഞ്ഞപ്പോൾ പ്രഖ്യാപിച്ച വാക്കു ഓർക്കുന്നതു നന്നായിരിക്കും: "ആശക്കു വഴിയില്ല." ഇതാണ് തൊഴിലാളി ഗവൺമെണ്ടിന്റെ യുദ്ധനയം. ഫാസിസം അതിന്റെ അവസാന നൃത്തം ചവിട്ടി വിറക്കൊള്ളുകയാണ്.

---

## ചിരിയും ചിന്തയും

"എന്റെ പണത്തിന്നുവേണ്ടി ദിവസംപ്രതി നിങ്ങളുടെ അടുത്തു വരുന്നതിന്ന് എനിയ്ക്കു സാദ്ധ്യമല്ല."

"എന്നാൽ വെള്ളിയാഴ്ച നിങ്ങൾക്കു വരാൻ സാധിക്കുമോ?"

"ഉവ്വ്."

"അപ്പോൾ ശരി, ഇനിമേലിൽ എല്ലാ വെള്ളിയാഴ്ചയും വന്നേയ്ക്കിൻ."

* * *

### അദൃശ്യമനുഷ്യൻ

കുറച്ചു വർഷങ്ങൾക്കുമുമ്പു ഒരാൾ അയർലണ്ടിൽ ഒരു ഹാൾ വാടകക്കെടുത്തു. ആരേയും തന്നെ ആയാൾ സഹായിക്കുന്നതിന്നു നിയമിച്ചില്ല. ഹാൾ വാടകയ്ക്കെടുക്കുന്നതിന്നു ഒരു മാസം മുമ്പുതന്നെ ആയാൾ നഗരത്തിൽ മുഴുവനും "അദ്ദേഹം വരുന്നുണ്ടു്" എന്ന നോട്ടീസ് പ്രസിദ്ധീകരിച്ചു.

ഒരാഴ്ച കഴിഞ്ഞപ്പോൾ "ഏപ്രിൽ 1-ാംനു അദ്ദേഹം ഹാളിൽ ഹാജരാവുന്നതാണ്" എന്നു പ്രഖ്യാപനം ചെയ്തു.

ഏപ്രിൽ ?0-ാംനു "അദ്ദേഹം ഇവിടെയുണ്ടു്" എന്ന നോട്ടീസ് വിതരണം ചെയ്തു.

1-ാംനു രാവിലെ "ഇന്നു രാത്രി 8 മണിക്കു അദ്ദേഹം ഹാളിൽ വരുന്നു."

അന്നു രാത്രി ആയാൾതന്നെ ഹാളിൽ ഉൾക്കൊള്ളാവുന്നത്രപേർക്കും ടിക്കററു കൊടുത്തു.

ഹാളിൽചെന്നു എല്ലാവരും ഇരുന്നു അര മണിക്കൂർ കഴിഞ്ഞു വിളക്കു പ്രകാശിച്ചപ്പോൾ ഒരു വമ്പിച്ച പലകയിൽ ഇങ്ങിനെ എഴുതിവെച്ചതായിക്കണ്ടു:—

"അദ്ദേഹം പോയി."

രണ്ടു പട്ടാളക്കാർ ക്യാമ്പിൽനിന്നു സൂത്രത്തിൽ ചാടിഗ്രാമത്തിൽ ചെന്നു. അവർ വഴിവക്കിൽ ഒരു പയ്യൻ ഒരു കഴുതയേയും മുറുക്കിപ്പിടിച്ചു പോകുന്നതുകണ്ടു. ചെറുക്കനെ കുറച്ചൊന്നു കളിയാക്കണമെന്ന ഉദ്ദേശത്തോടെ അവരിൽ ഒരാൾ ചോദിച്ചു, "എടാ, കൂവേ, നീ എന്തിനാ ആ കഴുതയെ ചൊമക്കണതു്?"

"അതു പട്ടാളത്തിൽ പോയി ചേരരുത് എന്നു വിചാരിച്ചിട്ടു" ചെറുക്കൻ തിരിച്ചടിച്ചു.

* * *

### എല്ലാം നന്മയ്ക്കുവേണ്ടി

"ചങ്ങാതി നിങ്ങൾക്കു സുഖംതന്നെയല്ലെ?" ഒരാൾ മറേറയാളോടു അന്വേഷിച്ചു.

"അത്രയൊന്നുമില്ല. കഴിഞ്ഞ പ്രാവശ്യം നിങ്ങളെ കണ്ടതിന്നുശേഷം ഞാൻ കല്യാണം കഴിച്ചു."

"എന്റെ ആശംസകൾ. നിങ്ങളിപ്പോൾ വളരെ സംതൃപ്തനായിരിക്കും."

"നിങ്ങൾ വിചാരിക്കുന്നപോലെ അത്ര സന്തുഷ്ടനല്ല തന്നെ. ഞാൻ കല്യാണം കഴിച്ചതു ഒരു ദുസ്സ്വഭാവക്കാരത്തിപ്പെണ്ണിനെയാണ്."

"അതു മോശമായി."

"നിങ്ങൾ വിചാരിക്കുംപോലെ അത്ര മോശമല്ല. അവൾമൂലം എനിക്കു 5,000 പവൻ സ്ത്രീധനമായികിട്ടി."

"അതൊരു വലിയ ആശ്വാസംതന്നെ."

"അത്ര വലിയ കാര്യമല്ല. ആ പണംകൊണ്ടുഞാൻ ഒരു കൂട്ടം ചെമ്മരിയാടുകളെ വാങ്ങി. അവ മുഴുവനും ചത്തുപോയി."

"വല്ലാത്തൊരു കഷ്ടംതന്നെ."

"നിങ്ങൾ കരുതുംപോലെ അത്ര കഷ്ടമൊന്നുമല്ല. ഞാൻ രോമം വിററു നഷ്ടം മുഴുവനും ഈടാക്കി."

"അപ്പോൾ നിങ്ങൾക്കൊരു നഷ്ടവും വന്നിട്ടില്ലല്ലൊ."

"നിങ്ങൾ വിചാരിക്കുന്നതിലും വമ്പിച്ച നഷ്ടമാണ് എനിക്കു പററിയതു്. ആ പണം സൂക്ഷിച്ചിരുന്ന എന്റെ വീടു തീ പിടിച്ചു വെണ്ണീറായി."

"എന്തൊരു വിപത്തു!"

"എന്റെ സുഹൃത്തെ, താങ്കൾ കരുതുംപോലെയുള്ള ഒരു വിപത്തുമല്ല. ശ്രദ്ധിയ്ക്കൂ, എന്റെ ഭാര്യ അതിന്നകത്തുണ്ടായിരുന്നു!"

* * *

### പേരുകൊണ്ടെന്തുഫലം?

ലണ്ടനിലെ ടലിഫോൺ ഡയരക്ടറി എടുത്തു നോക്കിയാൽ അതിൽ 21 ഷേക്ക്സ്പീയർമാർ, ഒരു വില്യം ഷേക്ക്സ്പീയർ, 30 ബൈറൺമാർ 8 ഐൻസ്റ്റീൻമാർ, പല്മക്കാളേമാർ എന്നീ പേരുകൾ കാണാം.

* * *

തന്റെ വീട്ടിൽവെച്ചുതന്നെ ഭാര്യയെ ജാരൻ ചുംബിക്കുന്നതു് കാൺമാൻ സാദ്ധ്യമല്ലാത്ത ഒരു ജ്യോത്സ്യനു ആകാശം, നക്ഷത്രം, സ്വർഗ്ഗത്തിലെ ജീവിതം ഇവയെപ്പററി എന്തു അറിയാൻ കഴിയും?

* * *

മാതാപിതാക്കന്മാർ വല്ലാത്തൊരു മാതിരിക്കാരാണ്. വൃദ്ധനായ ആ അവിവാഹിതൻ അഭിപ്രായപ്പെട്ടു കുട്ടിയെ വർത്തമാനം പറയിക്കുന്നതിന്നു അവർ ആദ്യം പരിശീലിപ്പിക്കുന്നു. എന്നിട്ടു കുട്ടി സംസാരിക്കാൻ തുടങ്ങിയാൽ "മിണ്ടാതിരിയ്ക്കൂ" എന്നു വിലക്കുകയും ചെയ്യുന്നു.

# ആഴ്ചക്കുറിപ്പുകൾ

## 12-ാം സേനയുടെ വിജയം

ബമ്മയിൽ ഒരു 12-ാം സേന—അതു ഈയിടെ രൂപീകരിച്ച ഒരു സേനയാണ്—ജാപ്പു 28-ാം സേനയുടെ അവശിഷ്ടങ്ങളെ അകററി നശിപ്പിച്ചുകളഞ്ഞു. റംഗൂൺ സ്വാതന്ത്ര്യമാക്കിയതിന്നശേഷംമാത്രം ഏല്പെട്ടുത്തിയ ഈ സേനയ്ക്കു ഇത്ര വേഗത്തിൽ കൈവന്ന വിജയം പ്രസ്താവയോഗ്യമത്രെ. ഈ സംഭവത്തെപ്പററി 12-ാം സേനയുടെ സൈന്യാധിപൻ ജനറൽ സർ മൊൺടേഗ്യൂസ്റ്റോപ് ഫോർഡ് ജൂലായി 28-ാംനു ഇങ്ങിനെ പ്രസ്താവിക്കയുണ്ടായി. "നമ്മൾ പ്രതീക്ഷിച്ചതിലും നല്ല നിലയിലാണ് സമരം നടന്നതു്. നമ്മുടെ ഭടന്മാർ വേണ്ടവിധത്തിൽ പ്രവൃത്തിച്ചു. ഒരൊററ ആഴ്ചകൊണ്ടു ഇത്ര അധികം പേരെ മറെറാരു സേനയും കൊന്നിട്ടില്ല. അതും ഏററവും പ്രതികൂലമായ ഒരു പരിതസ്ഥിതിയിൽ വെച്ചാണ് ചെയ്യപ്പെട്ടതും. ഒരു കൊല്ലംമുമ്പു തടവുകാരാക്കിയവരും മൃതരായവരുമായ ജാപ്പുകളെ തോത് 40നു ഒന്നുകണ്ടായിരുന്നു. ഇന്നതു് ഒമ്പതിന്നു ഒന്നുകണ്ടായിട്ടുണ്ടു്." ഇനി ചെയ്യാനുള്ള കൃത്യം പെഗു യോമാസിലെ കാടുകളിൽ ഒളിഞ്ഞിരിക്കുന്ന നൂറോളം വരുന്ന ജാപ്പു ഭടന്മാരെക്കൂടി നശിപ്പിക്കുക മാത്രമാണ്. ശത്രു ഭയങ്കരമാംവിധം പ്രതിരോധിച്ചിട്ടും നമുക്കു പററിയ നഷ്ടം വളരെ കുറച്ചേ ഉള്ളു. ഒരു ഇന്ത്യൻ പാരച്യൂട്ട്സേന 1,837 ജാപ്പുകളെ മൂന്നു ദിവസത്തിൽ കുറഞ്ഞ സമയത്തിന്നുള്ളിൽ വധിച്ചു. എന്നാൽ അവരിൽ 29 പേർ മാത്രമേ മരിക്കയുണ്ടായുള്ളു. ജനറൽ സ്റ്റോപ്ഫോർഡിന്നു തൻെറ ഭടന്മാരെക്കുറിച്ചു തികച്ചും അഭിമാനിക്കുന്നതിന്നു അവകാശമുണ്ടു്.

## ജപ്പാന്നു വീണ്ടും വീണ്ടും പ്രഹരങ്ങൾ


ജൂലൈ 17-ാംനു അമേരിക്കൻ നാവിക സേനയും ബ്രിട്ടീഷ് നാവിക സേനയും ജപ്പാൻെറ ഹൃദയത്തിലേയ്ക്കു ആയിരക്കണക്കിൽ വെടിയുണ്ടകൾ ചൊരിഞ്ഞശേഷം വീണ്ടും ആ കൃത്യം നിർവ്വഹിക്കുന്നതിന്നു തയ്യാറായിരിക്കുന്ന ജാപ്പുകടൽക്കരയിൽ ഇന്നു സഖ്യ നാവികസേനയ്ക്കാണ് മേൽക്കിടയെന്നതിൽ യാതോരു സംശയവുമില്ല. ആ സേനയുടെ ശരിയായ ശക്തി എത്രയാണെന്നു അറിയപ്പെട്ടിട്ടില്ലെങ്കിലും പെരുത്ത ധാരാളം യുദ്ധക്കപ്പലുകളും വിമാനവാഹിനിക്കപ്പലുകളും വിമാനങ്ങളും ഉൾക്കൊള്ളുന്ന ഒരു വമ്പിച്ച പടയാണ് അതെന്നു അനുമാനിക്കുന്നതിന്നു യാതൊരു വിഷമവുമില്ല. അവയുടെ പ്രഹരത്തിൽ ജപ്പാൻ കിടന്നു കലുങ്ങുന്നു.

എന്നാൽ ഈ ആക്രമണങ്ങളൊക്കെയും വരാനിരിക്കുന്ന ആ അവസാനത്തെ ആക്രമണത്തിൻെറ ഒരു നാന്ദി മാത്രമേ ആകുന്നുള്ളു. അതിന്നുള്ള സജ്ജീകരണം മുഴവനു ഇപ്പോൾ തുടർന്നു വരുന്നു. ജാപ്പാന്നു അവസാനത്തെ കടുത്ത പ്രഹരം നൽകുന്നതിന്നുള്ള വിമാനസേനയുടെ നായകത്വം കയ്യേൽക്കുന്നതിന്നു ജനറൽ കാറൽ സ്പാററ്സ് ഗ്വാമിലെത്തിയതായി അറിയുന്നു. നവെമ്പർ മാസമാവുമ്പൊഴേക്ക് പാസിഫിക്കിലേക്കു യൂറോപ്പിൽനിന്ന് അഞ്ചു ലക്ഷം ഭടന്മാർ വരുന്നതായിരിക്കും.

## വിമാനാക്രമണത്തിൻെറ ഫലങ്ങൾ

സൂപ്പർഫോട്രസ്സ് വിമാനങ്ങൾ ജാപ്പു ദ്വീപുകളെ ആക്രമിക്കാൻ തുടങ്ങിയതിന്നശേഷമുള്ള വിവരങ്ങളെപ്പററിയുള്ള കൂടുതൽ വിവരങ്ങൾ ജൂലായി 26-ാം തിയ്യതി ലണ്ടനിൽ പ്രസിദ്ധീകരിച്ചിരിക്കുന്നു.

ഈക്കൊല്ലം ജൂലായി 9-ാം തിയ്യതിവരെ ജാപ്പാനിലെ വമ്പിച്ച 35 നഗരങ്ങൾ ആക്രമണങ്ങൾക്കു വിധേയമായിട്ടുണ്ടത്രേ. അതിൽ മൂന്നു നഗരങ്ങൾ മുക്കാലും നശിക്കയും ചെയ്തിരിക്കുന്നു. കൂടാതെ, ടോക്കിയോ, യോക്കഹാമ, കഗോഷിമ തുടങ്ങിയ പട്ടണങ്ങൾ നഗരങ്ങൾ പാതിയും നശിച്ചുകഴിഞ്ഞിരിക്കുന്നു. ഇതുകൂടാതെ മററു പല നഗരങ്ങൾക്കും ഗണ്യമായ പരുക്കുകൾ പററിയിട്ടുണ്ടു്. മാർച്ച് മുതൽ ജൂൺവരെയുള്ള ആകാശാക്രമണംമൂലം പലവിധത്തിലുമുള്ള 5,000 ത്തോളം വിമാനങ്ങൾ നിർമ്മിക്കുന്നതിന്നു ജപ്പാന്നു അസാദ്ധ്യമായിവന്നുവത്രേ.




## പിരിച്ചുവിട്ട ആ മഹാസേന

എൽ അമീൻ മുതൽ ആല്പ്സ്‌വരെ നാലു കൊല്ലത്തോളം നീണ്ടുനിന്ന വീരപരാക്രമ പ്രദർശനത്തിന്നശേഷം ലോകവിഖ്യാതമായ എട്ടാം പട ആസ്ത്രിയയിൽവെച്ച് ജൂലായി 29-ാം തിയ്യതി പിരിച്ചുവിട്ടു. വേവൽ പ്രഭുവിൻെറ നേതൃത്വത്തിൽ മരുഭൂമിയിൽ പിറന്ന ഈ സേന ആഫ്രിക്കയിൽ ട്രിപ്പോളിയിൽനിന്നു ട്യൂണീസ് വരെയും, അതിന്നശേഷം ഇററലിയിൽനിന്നു ആസ്ത്രിയ വരെയും വിജയപൂൎവ്വം സഞ്ചരിച്ചു മുന്നോട്ടു കയറി. ഇതു് ഒരു സാൎവ്വലൌകിക സേനയാണ്. ബ്രി. സാമ്രാജ്യം, ഗ്രീസ്, പോളണ്ടു്, ഇററലി ഇന്നാട്ടുകാരെല്ലാം ഇതിലുൾപ്പെടുന്നു. ഒരു സന്ദേശത്തിൽ വൈസ്റോയി പറയുന്നു: "ബഹുമാനാദരവുകളോടുകൂടി ഇന്ത്യയുടെ പേരിൽ ഞാൻ നിങ്ങൾക്കു യാത്ര പറയുന്നു. ഇന്ത്യക്കാർ ഈ സേനയുമായി സഹകരിക്കാൻ സാധിച്ചതിൽ തീർച്ചയായും തികഞ്ഞ അഭിമാനമുണ്ടു്." ഫീൽഡ് മാർഷൽ മണ്ട്ഗോമറി, അലക്സാണ്ടർ, തുടങ്ങിയ പലരും ഈ സേനയെ പ്രശംസിക്കുകയുണ്ടായി



ബമ്മാസമരത്തെ നയിച്ച 14-ാം പടയുടെ നേതാവ് ലഫ്റനൻറ് ജനറൽ സ്ലിം ലണ്ടനിലെത്തിയപ്പോൾ.

# പതിവും പരിചയവും

(പി. കെ. കടത്തനാട്ട്)

ശത്രുനിരോധന സാഹസ കൃത്യത്തിൽ-
കർത്തവ്യനിഷ്ഠരായ് നിന്നു ഞങ്ങൾ.

കൃത്യമായ് ഞങ്ങൾ കുറിച്ച കണക്കിലെ-
യ്യേത്തിച്ചരികളെയാകമാനം.

വൃത്തിയായ് രാജ്യത്തിൽ സേവയാൽ ഞങ്ങൾ
തത്തിനാർ വിശ്വാസദാർഢ്യമേവം. [ക്കു

മൈത്രിതൻ സൂത്രഹ മാതൃകയായ്ത്തീർന്നു
പട്ടാളമിപ്പരിശീലനത്തിൽ.

ജാതിഭേദങ്ങളെ വർഗ്ഗവ്യത്യാസമോ-
ഭേദിക്കില്ലീദൃഢ സാഹോദര്യം

കണ്ടുപഠിക്കട്ടെ നാട്ടുകാരന്യോന്യം
കണ്ണുമുറിക്കാൻ മുതന്നിട്ടുന്നോർ,

ഉദ്ദേശപ്രാപ്തിയ്ക്കായൈക്യം പണിയുകി-
ലൂട്ടിക്കുകാര്യം സഫലമെന്നായ്.

കുറിപ്പു.—കല്പനയിൽ വന്ന പട്ടാളക്കാർ തമ്മിലുള്ള സംഭാഷണത്തെകേട്ടു എഴുതിയതു്.

# പ്രതിജ്ഞ

(സി. ആർ. ഗോപാലനെഴുത്തച്ഛൻ, ബി. എ.)

(താരാട്ട്)

ഓരുവിനക്കരെനിന്നു-മൊരു
വീരങ്കി നാദം നാം കേൾപ്പൂ
വന്നെത്തി സൈന്യസമേതം-സ്വാത്മം
മന്നിനെയാകെ വിഴുങ്ങാൻ
ആകുലയായെൻ ധരിത്രി-കണ്ണീർ
തൂകിയോതുന്നതുകേൾക്കൂ
"കഷ്ടമേ! നിസ്സാരവാദങ്ങളാൽ
നഷ്ടപ്പെടുത്തേണ്ട കാലം . . . . .
മന്നിൻവിപത്തിനെ നീക്കാൻ-നിങ്ങൾ
മുന്നോട്ടുവെയ്ക്കുവിൻ പാദം."
ദാരിദ്ര്യപീഡിതനാണെ-ന്നാലും
ഭാരതീയൻ ഭീരുവല്ല.
സത്യം സമത്വം സ്വാതന്ത്ര്യ-മിവ
നിത്യങ്ങളാക്കിച്ചമയ്ക്കാൻ
മന്നിൽ മൃഗീയമാം ശക്തി-ക്കൊരു
പൂർണ്ണവിരാമമിട്ടീടാൻ
പട്ടിണിയാൽ വയറൊട്ടി-യൊട്ടി
കഷ്ടപ്പെട്ടീടുമീ ഞങ്ങൾ
ലോകാഭിവന്ദ്യരാം നേതാക്കൾ-തൻ
കീഴിൽ നിരന്നു കഴിഞ്ഞു. . . . . . !!

II

ഭീതിയും തോൽവിയും തീണ്ടി-ടാതെ
പൂകിയിപ്പോർക്കളം ഞങ്ങൾ
മുന്നോട്ടു മുന്നോട്ടു നീങ്ങും-ഞങ്ങ
ളെങ്ങും പരത്തും സമത്വം.
ഇല്ലില്ലനൈക്യമശക്തി-ജാതി
ച്ചൊല്ലൊപ്പും തെല്ലുമിബ് ഭൂവിൽ

* * *

വെട്ടേററു വീണുകിടപ്പൂ-ഹിററ്ലർ
ഒട്ടേറെ സാമ്രാജ്യ മോഹാൽ
മർത്ത്യർതൻ രക്തം കുടിച്ചാ-ലാക്കു
മിത്തരം ദുർവ്വിധിയത്രെ. . . . .
ഒട്ടും നട്ടങ്ങാതെ നോക്കൂ-ചാരെ
മൃത്യുവശഗനവരൻ—
ഭീരുത്വമേറും നയജ്ഞൻ-മുസ്സോ
വാണ, വൻ ഭൂവെച്ചതിച്ചോൻ !!

III

ചെന്നിണത്തിങ്കൽ കുളിക്കാ-തങ്ങു
ചെന്നിടാൻ മേലാ സഖാവെ!
ഇന്നാട്ടിലാത്മഹത്യയ്ക്കാ-ണേറെ
മേന്മയെ കല്പിച്ചതത്രെ
കൊച്ചോടികൊണ്ടു നടക്കും-വെറും
ജാപ്പുകൾ—മത്സ്യം പിടിപ്പോർ
ചിക്കെന്നു സാമ്രാജ്യമൊന്നു-കെട്ടി
യക്രമം കൊണ്ടു പട്ടത്തോർ . . . . .
തെല്ലു നിന്നീടുകിൽ കാണാം-നിങ്ങൾ
എല്ലാം തകർത്തീടും ഞങ്ങൾ.

IV

ഭാരതഭൂവിതൻ പൂന്തോ-ട്ടപ്പെന്ന
പേരിലറിയുമെൻ രാജ്യം
വീരനാം ചേരമാൻ വാണോ-രെൻെറ
കേരളം, ഞാനതാ കാൺമൂ
ചൂടെഴും രക്തമൊലിക്കു-ന്നൊരി





ശിപായി നാംദിയോയാദവ്, വി. സി.

ഏപ്രിൽ 9-ാംനു ഇററലിയിൽ സിനിയോവിലെ യുദ്ധത്തിൽ പ്രദർശിപ്പിച്ച സമരനൈപുണ്യത്തിന്നു ഇദ്ദേഹത്തിന്നു വിക്ടോറിയ ക്രോസ് സമ്മാനിക്കപ്പെട്ടു.

*വാളേന്തി ഞങ്ങളങ്ങെത്തും
അപ്പൊഴുതൊന്നു ഞാനോതാം-അങ്ങു
ദുഷ്പ്രഭുത്വങ്ങളുണ്ടെങ്കിൽ;
മർത്ത്യനെ മർത്ത്യനകററും-ചില
സാത്മഗമ്മോഹങ്ങൾ കണ്ടാൽ,
നെഞ്ചലിവന്യേ നടത്തും-കരി
ഞ്ചേറയും കൊള്ളയും കണ്ടാൽ,
വീണ്ടുമിഖഡ്ഗമുയരും-സ്വാത്മം
തുണ്ടുതുണ്ടായിട്ടരിയാൻ!
പാടില്ല കേരള ഭൂവിൽ-ജാതി
പാടില്ലസമത്വമെത്തും!

*വാൾ എന്നതു തോക്കിന്നു പകരം രസപ്രധാന്യത്തെ ഓർത്തുമാത്രം ഇവിടെ ഉപയോഗിച്ചിരിക്കയാണ്.

# ബ്ലിററ്സ്ക്രീഗിൽനിന്നു

ബ്രിട്ടീഷു ചരിത്രത്തിൽ മാത്രമല്ല, ലോകചരിത്രത്തിൽത്തന്നെ ഒരു പുതി അദ്ധ്യായം തുടങ്ങുകയാണ് ഈ ചുമതലയും സർവ്വവിദിതമാണ്.

ഇതേവരെയും പാർല്ലിമെൻററി ഡമോക്രസിയുടെ താരാട്ടു തൊട്ടിലും തറവാടും ആയി പരിലസിച്ച ബ്രിട്ടൻ തുടങ്ങുന്നു. സോഷ്യൽ ഡിമോക്രസിയാണ് നാളത്തെ ലോകത്തിലെ ജനതകളുടെ ജീവിതത്തിലെ നട്ടെല്ലു.

എത്രതന്നെ മഹൽസേവനം ചെയ്ത ഒരു വ്യക്തിയും—വിൻസ്റ്റൺ ചർച്ചിലിനെപ്പോലെ അത്ര ചുരുങ്ങിയ ട്ടില്ല—തങ്ങളുടെ വിശ്വാസം, പുരോഗമനപരമായതത്വം ആ വ്യക്തി ഉൾക്കൊള്ളാത്തപക്ഷം, അപ്പിക്കുവാൻ ഭ്രമവുമല്ല, വിവേകവും വർഗ്ഗബോധവുമാണ്, അവരുടെ മനോഭാവത്തെ നയിക്കുന്നതു്. ബ്രിട്ടീഷു പൌരന്മാർ മനുഷ്യരെയാണ് കൂടുതൽ മഹാന്മാരായി പരിഗണിക്കുന്നതു് എന്നതാണ് ഈ തെരഞ്ഞെടുപ്പുഫലം നമുക്കു

**എൻ. ദാ**

1914-18 ലെ മഹായുദ്ധത്തിന്നു ശേഷം ലോകമൊട്ടുക്കുമുള്ള തീവ്രവാദികൾ ഒരു 2-ാം സാമ്രാജ്യത്വ യുദ്ധത്തെ സ്വപ്നം കണ്ടുകൊണ്ടിരുന്നു. ഭാഗ്യവശാൽ—ചിലരെ സംബന്ധിച്ചേടത്തോളം ഇതൊരു നൈരാശ്യമായിട്ടുണ്ട്—പ്രതീക്ഷ അസ്ഥാനത്തിലായി. പക്ഷെ അതു കൊണ്ടും മനുഷ്യത്വയുടെ ഉപദ്രവം അവസാനിച്ചില്ല. ഏററവും രൂക്ഷമായ വേഷത്തിൽ ഫാസിസം ലോകത്തെ വിഴുങ്ങാൻ തുടങ്ങി. നാളിതുവരെ മനുഷ്യസമുദായം നേടിക്കഴിഞ്ഞ സർവ്വത്തിൻെറ വിനാശത്തെക്കുറിക്കുന്ന ഫാസിസ്റ്റ് വിജയം ഒരു സാർവ്വലൌകികവിപത്താണെന്ന് അല്പം ധിഷണാശാലികൾ മാത്രമാണ് ആദ്യമായി മനസ്സിലാക്കിയതു്. അവർ പല വിധം അവഹേളനങ്ങൾ സഹിച്ചുവെങ്കിലും അവയൊന്നും കുന്നിയുംക്രസാതെ തങ്ങളുടെ അഭിപ്രായം മുന്നോട്ടു കൊണ്ടുവന്നു. ഇന്ത്യയെ പോലുള്ള രാജ്യങ്ങളിൽ ഫാസിസം എന്താണെന്നു മനസ്സിലാക്കുന്നതിന്ന് തന്നെ ഇവിടത്തെ അല്പം ബുദ്ധിജീവികൾക്കു രണ്ടു കൊല്ലം പാടുപെടേണ്ടിവന്നു. അവസാനം ആ ചെറിയ ന്യൂനപക്ഷം ഇന്ന് ലോകത്തിലെ ഏററവും വലിയ ഭൂരിപക്ഷമായിതീർന്നു. ഫാസിസ്റ്റ് സമ്പ്രദായത്തെ നശിപ്പിക്കുക എന്ന ഒരെ അടിസ്ഥാനത്തിന്മേൽ മററു യാതൊന്നിന്നും മുൻഗണന നൽകാതെ ഈ ഫാസിസ്റ്റ് വിരോധികൾ ആരുമായും ഒരു വിപുലമായ കൂട്ടുകെട്ടിന്നു തയ്യാറായി. ബ്രിട്ടനെ സംബന്ധിച്ചേടത്തോളം ഈ കൂട്ടുകെട്ട് ക്ഷണസാദ്ധ്യമായി. ആദർശപരമായ അഭിപ്രായഭിന്നതകൾ മറന്ന് വിൻസ്റ്റൺ ചർച്ചിലിനെ പോലുള്ള ഒരു നേതാവിനെ പിന്തുടർന്നു അവരുടെ അതിപ്രധാനമായ ലക്ഷ്യത്തിലേക്കു ബ്രിട്ടൻ കുതിച്ചു പാഞ്ഞു. ഉദ്ദേശം നിറവേററപ്പെട്ടു; ആദർശഭിന്നതകൾ വീണ്ടും പൊന്തിവന്നു.

"ഈ യുദ്ധം തന്നെ ഒരു വിപ്ലവമാണ്" എന്നതിന്നുള്ള ഒരുദാഹരണമാണ് ബ്രിട്ടനിലെ പൊതുതിരഞ്ഞെടുപ്പു വെളിപ്പെടുത്തുന്നതു്. നൂററാണ്ടു കാലത്തെ ഭരണപാടവവും, മഹത്തായ ഒരു യുദ്ധവിജയത്തിൻെറ അനുകൂല പരിതസ്ഥിതികളും തിരഞ്ഞെടുപ്പു സമയത്തുകൂടി ഭരണാധികാരവും ഉണ്ടായിട്ടു കൂടി, ബ്രിട്ടനിലെ യാഥാസ്ഥിതിക കക്ഷി പരാജയപ്പെട്ടതിന്ന് മൌലികമായ ചില അടിസ്ഥാനങ്ങൾ ഉണ്ടാവാതിരിക്കാൻ നിവൃത്തിയില്ല.

കഴിഞ്ഞ 150 കൊല്ലങ്ങൾക്കുള്ളിൽ ബ്രിട്ടീഷ് ജനത സംഭവബാഹുല്യമായ പല മാററങ്ങൾക്കും വിധേയരാകേണ്ടിവന്നു. ആ ഓരോ മാററങ്ങളും പുരോഗതിയിലെക്കുള്ള ഓരൊ കാൽ വെപ്പുകളായിരുന്നു. ബ്രിട്ടനിലെ പ്രജായത്തഭരണം താരതമ്യേന വ്യക്തി സ്വാതന്ത്ര്യത്തെയും ചിന്താസ്വാതന്ത്ര്യത്തെയും, അഭിപ്രായസ്വാതന്ത്ര്യത്തെയും കൂടുതൽ അനുവദിക്കുകയും ജനങ്ങളുടെ ദൈനംദിന ജീവിതരീതികളിൽ കാലാനുസൃതമായ മാററങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്. ബ്രിട്ടീഷ് ട്രേഡ് യൂനിയൻ സമ്പ്രദായം ആദ്യമായി നടപ്പിൽ വരുത്തിയതു്, അവിടത്തെ ഒരു വ്യവസായ പ്രമാണിയാണ്. വ്യവസായ വിപ്ലവവും അതിനേ തുടർന്നുണ്ടായ ട്രേഡ് യൂനിയൻ അഭിവൃദ്ധി, പൌരസ്വാതന്ത്ര്യം ഇവയുടെയെല്ലാം ഫലമായി ബ്രിട്ടീഷ് ജനതയ്ക്കു അഭൂതപൂർവ്വമായ ഒരുണർവ്വുണ്ടായി. കഴിഞ്ഞലോകമഹായുദ്ധത്തിൻെറ അനുഭവങ്ങളിൽനിന്നും പീഡകളിൽനിന്നും ബ്രിട്ടീഷ് ജനത ഒരു നവീന സാമൂഹ്യ നിയമത്തിൻെറ അനിവാര്യത മനസ്സിലാക്കി. ആ ലക്ഷ്യത്തിലേക്കു അവർ ക്രമേണക്രമേണ നീങ്ങാൻ തുടങ്ങി. അതിൻെറ ഫലമായി ആദ്യമായി ബ്രിട്ടീഷ് ചരിത്രത്തിൽ റാംസെ മാക്ഡൊണാൾഡിൻെറ നേതൃത്വത്തിൽ ഒരു ലേബർ ഗവമ്മേണ്ടുണ്ടായി. പക്ഷെ, ആ ഭരണം ബ്രിട്ടനിലെയും, ലോകത്തിലെയും, തൊഴിലാളിവർഗ്ഗമടക്കമുള്ള ബഹുജനങ്ങൾക്ക് അനുകൂലമായില്ല. മൌലികമായ് യാതൊന്നും അവർ രാഷ്ട്രത്തിന്നു ചെയ്തില്ലെന്നതു് പിന്നെത്തെ തിരഞ്ഞെടുപ്പിൽ യാഥാസ്ഥിതിക കക്ഷിക്കു ഭൂരിപക്ഷം കിട്ടുന്നതിന്നിടയാക്കി. ഇതിൻെറ ഫലമായി ബുദ്ധിജീവികളും ബഹുജനങ്ങളും ചരിത്രപരമായ ചില പാഠങ്ങൾ പഠിച്ചു.

ലേബർ പാർട്ടി എല്ലാ ഇടതു പക്ഷക്കാരുടെയും പൊതു തറവാടാണ്. അതു ബ്രിട്ടനിലെ ബഹുജനങ്ങളുടെ രാഷ്ട്രീയ കക്ഷിയുമാണ്. ബ്രിട്ടീഷ് ലേബർ പാർട്ടിയെക്കാൾ അഭിപ്രായസ്വാതന്ത്ര്യം അനുവദിക്കുന്ന ഒരു രാഷ്ട്രീയ കക്ഷിയും ലോകത്തിലില്ലെന്നു പറയാം. അതിൻെറ ഫലം ഗുണമൊ, ദോഷമൊ എന്ന പ്രശ്നം അവിടെ നില്ക്കട്ടെ. ലക്ഷക്കണക്കിലുള്ള തൊഴിലാളികളും, മററു ഇടത്തരക്കാരും അതിൽ അംഗങ്ങളാണ്. അവർ അതിനെ ഒരു മികച്ച രാഷ്ട്രീയ സംഘടനയാക്കി വളർത്തിയതിൻെറ ഫലമായി ബ്രിട്ടനിലെ രാഷ്ട്രീയ ജീവിതത്തിൽ അവക്കു ഒരു വലിയ പങ്കുണ്ടായിവന്നു.

1939 ൽ ഫാസിസത്തിന്നെതിരായ യുദ്ധം പൊട്ടിപ്പുറപ്പെട്ടു. ഫാസിസത്തെ നശിപ്പിക്കുന്നതിൽ ആ ബഹുജന സംഘടനക്കു ശക്തിയുണ്ടായിരുന്നു. ചർച്ചിൽ ദേശീയനേതൃത്വം സ്വീകരിച്ചു പൊതു ശത്രുവിന്നെതിരായി സമരം നടത്തുന്നതിന്നുള്ള ഒരു സുശക്തമായ ഭരണരീതി സൃഷ്ടിച്ചപ്പോൾ ലേബർ പാർട്ടിയിലെ പ്രമുഖരായ നേതാക്കൾ തങ്ങളുടെ ചുമതല നിർവ്വഹിക്കാൻ മുന്നോട്ടുവന്നു. ഇതു രാജ്യത്തെ കൂടുതൽ ഉത്സാഹപ്പെടുത്തി. ബ്രിട്ടനിലെ തൊഴിലാളിവർഗ്ഗത്തിൽ ഗണനീയമായ ഒരു സ്ഥാനമാണ് ഏണസ്റ്റ് ബവിന്നുള്ളതു്. അദ്ദേഹത്തിൻെറ നേതൃത്വം ബ്രിട്ടീഷ് തൊഴിലാളിവർഗ്ഗത്തിന്നു ഒട്ടേറെ നന്മകൾ ചെയ്തുകൊടുക്കുന്നതിന്നു സഹായിച്ചു.

പക്ഷെ, ഇതെ അവസരത്തിൽ ബ്രിട്ടീഷ് ജനത ആദർശപരമായി പുരോഗമിച്ചുകൊണ്ടെ ഇരുന്നു. 1940-41 കാലങ്ങളിലെ ബ്ലിററ്സ്ക്രീഗിൽനിന്നു അവർ പല പാഠങ്ങളും പഠിച്ചു. മനുഷ്യ സ്വാതന്ത്ര്യത്തിന്നുവേണ്ടി മുഴുവൻ ശക്തിയും ചെലുത്തുകയും അങ്ങിനെ യുദ്ധം ജയിപ്പിക്കുകയും ചെയ്യണമെന്നു ഉറച്ചപ്പോൾകൂടി, യുദ്ധത്തിന്നു ശേഷമുള്ള കാര്യങ്ങളെപ്പററിയും അവർ ആലോചിക്കാതിരുന്നില്ല. ജീവിക്കാനുള്ള ഭക്ഷണം, ധരിക്കാനുള്ള വസ്ത്രം, ഇതിലെല്ലാമുപരിയായി താമസിക്കാനുള്ള വീടു ഇവയെല്ലാം അവരുടെ ആലോചനയിൽപ്പെട്ടു. ജർമ്മനിയുടെ ബ്ലിററ്സ്ക്രീഗിൻെറ ഫലമായി യുദ്ധസേവനം ചെയ്തു മടങ്ങിവരുന്ന ലക്ഷക്കണക്കിലുള്ള യുവാക്കൾക്കു ഇന്നു വീടില്ലാതായിട്ടുണ്ട്. അവക്കു തൊഴിലും വീടും ഉണ്ടാക്കുക എന്നതു ഒരു നിസ്സാരകാര്യമല്ല. അതിന്നുള്ള ലക്ഷ്യം ഭരണകൂടത്തിൻെറ പരിപൂർണ്ണ ശ്രദ്ധയ്ക്ക് വിധേ



ഹെർബർട്ട് മോറിസൺ. പുതിയ ഗവമ്മേണ്ടിലെ മന്ത്രിയും തെരഞ്ഞെടുപ്പു കാര്യങ്ങളെ നിയന്ത്രിക്കുകയുംനയിക്കുകയും ചെയ്ത മഹാരഥനും.



ബ്രി: വിദേശകാര്യമന്ത്രി മി: ബെവിൻ. പോട്സ്ഡാമിലേയ്ക്കു പോയപ്പോഴാണത്രേ ഇദ്ദേഹം ആദ്യമായി വിമാനത്തിൽ കയറിയതു്.

# പൊന്തിയ ബ്രിട്ടീഷ ജനത

തെരഞ്ഞെടുപ്പു ഫലം. നാളെത്തെ ലോകത്തിൻെറ നവീനാവിഷ്ക്കരണത്തിൽ ബ്രിട്ടന്നുള്ള അനിഷേദ്ധ്യമായ പങ്കും

ഇന്നു് അതിലും കാര്യക്ഷമവും മികച്ചതുമായ സാമ്പത്തിക-സാമൂഹ്യ ഡിമോക്രസിയിലേയ്ക്കു കാൽവെക്കാൻ നാരായവേരും ആകാനിരിക്കുന്നതു്.

കാലഘട്ടത്തിന്നുള്ള അത്ഭുതകരമായ സേവനവും വിജയവും നേടിയ ഒരു നേതാവ് ഇതേവരെയും ഉണ്ടായി ബ്രിട്ടീഷ് ജനങ്ങളം തയ്യാറല്ലെന്നു തെളിയിച്ചു. അന്ധമായ വീരാരാധനയും, വിധിവിശ്വാസവും, അനുകരണ മഹാത്മാക്കളെയല്ല, സധാരണ മനുഷ്യരെ, തങ്ങളോടു തികച്ചും അടുപ്പവും കൂറും താല്പര്യവുമുള്ള സാധാരണ നൽകുന്ന സാധനാപാഠം. ഇന്ത്യക്കാർ അതു പഠിക്കുമോ? ആവോ!

**മോദരൻ.**



ആർതർ ഗ്രീൻവുഡ്ഡ്.

"ഗ്രീനി" അവരുടെ അനിഷേധ്യനേതാവാണ്.

യമാകണമെങ്കിൽ തങ്ങളുടെ താല്പര്യങ്ങൾക്കു വേണ്ടി പൊരുതുന്ന ഒരു കക്ഷി അധികാരത്തിൽ വന്നേകഴിയൂ എന്നു അവർക്കെല്ലാം ബോദ്ധ്യമായി. ഈ പശ്ചാത്തലത്തിൽനിന്നാണു് ബ്രിട്ടനിലെ പുതിയ ഗവമ്മേണ്ടിൻെറ ആവിർഭാവം.

ഓരോ രാഷ്ട്രീയ കക്ഷിക്കും ഓരോ പരിപാടിയുണ്ടു്. ബ്രിട്ടനിലെ തിരഞ്ഞെടുപ്പിന്നു നിന്നിട്ടുള്ള എല്ലാ കക്ഷികൾക്കും അങ്ങിനെ അവരവരുടെതായ പരിപാടിയുണ്ടായിരുന്നു. പക്ഷേ, ബ്രിട്ടീഷ് തൊഴിലാളികക്ഷിക്കു മാത്രമാണു് അവിടത്തെ ബഹുജന വിശ്വാസം സമ്പാദിക്കുന്നതിന്നുള്ളതും, വ്യക്തവുമായ ഒരു പരിപാടിയുണ്ടായിരുന്നതു്.

ചിലർ ദേശീയ ഐക്യത്തിൻെറ പേരിലും മററു ചിലർ സ്വാതന്ത്ര്യസ്വത്തു സമ്പ്രദായത്തെ നശിപ്പിക്കില്ലെന്ന വാഗ്ദാനവുമായി മുന്നോട്ടു വന്നപ്പോൾ ലേബർ പാട്ടി "നിങ്ങൾക്കു വീടും, തൊഴിലും" തരാമെന്നും അതിന്നാവശ്യമായ മാററങ്ങൾ എന്തു തന്നെയായാലും അതു നടപ്പിൽ വരുത്താമെന്നും വാഗ്ദത്തം ചെയ്തു.

രാഷ്ട്രീയ കക്ഷികൾ അവരവരുടെ എല്ലാ കഴിവുകളും ഉപയോഗിച്ചു നോക്കിയെങ്കിലും ബഹുജനങ്ങളിൽ 'വീടും തൊഴിലും' തരാമെന്ന ഉൽബോധനം അലതല്ലി; അവർ അവരുടെ രാഷ്ട്രീയ കക്ഷിയെ അധികാരത്തിലെത്തിച്ചു. ഇതു കഴിഞ്ഞ ലോകമഹായുദ്ധം മുതൽ വളർന്നുവന്നതും ഈ യുദ്ധത്തിൻെറ ഫലമായുണ്ടായ നവീന പരിതസ്ഥിതികളും വരുത്തിതീർത്ത ഒരു 'നിശ്ശബ്ദ വിപ്ലവം' ബ്രിട്ടനിൽ നടന്നുവന്നതിൻെറ ലക്ഷ്യമാണു്.

ബ്രിട്ടീഷ് പാർലിമെണ്ടിലെ പുതിയ അംഗങ്ങൾ മിക്കവാറും അടുത്ത കാലത്തുണ്ടായ പുഷ്ഠ ശക്തികളാണു്. പേരും പെരുമയുമുള്ള പലരെയും സാധാരണക്കാരായ സ്ഥാനാർത്ഥികൾ വമ്പിച്ച ഭൂരിപക്ഷത്തോടെ പരാജയപ്പെടുത്തി ബ്രിട്ടനിൽ ചരിത്രപരമായ ആ മാററം സംഭവിച്ചു. എന്നി അതിൻെറ സാമുദായികപ്രശ്നങ്ങൾക്കു എങ്ങിനെ പരിഹാരം കാണുമെന്നും അതു ലോകജനാധിപത്യ ശക്തികളോടൊപ്പം എത്രത്തോളം മുന്നേറുമെന്നും നമുക്കു കണ്ടറിയുക. ജമ്മനി ബ്രിട്ടനിൽ എറിഞ്ഞ ഓരോ ബോമ്പും ബ്രിട്ടനിലെ പുതിയ സാമൂഹ്യനിയമത്തിൻെറ അടിത്തറ പണിയുന്നതിന്നുള്ള കല്ലുകളാക്കി മാററിയ ബ്രിട്ടീഷ് ജനതയെ നാം അഭിനന്ദിക്കുക തന്നെ വേണം.

ബ്രിട്ടീഷു ചരിത്രത്തിൽ മാത്രമല്ല—ലോകചരിത്രത്തിൽത്തന്നെ ഒരു പുതിയ അദ്ധ്യായം തുടങ്ങുകയാണു് ഈ തെരഞ്ഞെടുപ്പു്. നാളെത്തെ ലോകത്തിൻെറ ആവിഷ്ക്കരണത്തിൽ ബ്രിട്ടന്നുള്ള അനിഷേദ്ധ്യമായ പങ്കു് എല്ലാവക്കും അറിയാവുന്നതാണു്. ഇതേവരെയും പാർല്ലിമെണ്ടറി ഡിമോക്രസിയുടെ തറവാടും താരാട്ടു തൊട്ടില്ലമായിരുന്ന ബ്രിട്ടൻ ഇന്നു് അതിലും മികച്ചതു ആശാസ്യവുമായ ഒരു രീതിയ്ക്കും കൂടിയുള്ള അടിസ്ഥാനമിടുന്നതിന്നു തയ്യാറാവുന്നു—സാമ്പത്തിക ജനകീയത്വത്തിൻെറ അടിസ്ഥാനം. ഇതാണു് നാളെത്തെ ലോകത്തിലെ ജനതകളുടെ ജീവിതത്തിലെ നാരായവേരും നട്ടെല്ലുമാകാനിരിക്കുന്നതു്.

എത്ര മഹൽ സേവനം ചെയ്ത ഒരു വ്യക്തിയും—പുരോഗമനകരമായ തത്വങ്ങൾ ഉൾക്കൊള്ളാത്തപക്ഷം—തങ്ങളുടെ ജീവിതം പണയം വെക്കുന്നതിന്നു് ബ്രിട്ടീഷു ജനങ്ങൾ തയ്യാറല്ല. അന്ധമായ വീരാരാധനയും വിധിവിശ്വാസവുമല്ല, വിവേകവും വസ്തുബോധവുമാണു്, അവരുടെ മനോഭാവത്തെ ആവിഷ്ക്കരിക്കുന്നതു്. ബ്രിട്ടീഷുകാർ മഹാത്മാക്കളെയല്ല സാധാരണ മനുഷ്യരെ, അവരോടു തികച്ചും അടുപ്പവും കൂറുമുള്ളവരെ മാത്രമേ വിശ്വസിക്കുകയുള്ളുവെന്നതാണു് ഇന്ത്യക്കാരായ നമ്മൾക്കു് ഈ തെരഞ്ഞെടുപ്പു പഠിപ്പിച്ചു തരുന്നതു്. ഇന്ത്യക്കാർ അതു പഠിക്കുമോ? ആവോ!

ഹാസ്യപംക്തി

## ചേട്ടനോട്

(പരമു)

"അല്ലല്ലാ, ഇതാരപ്പാ, പൊന്നാരച്ചേട്ടനല്ലേ?
(പുഞ്ചിരി വിരിക്കുന്നു) വരു, ഇരിക്കൂ,
ആരെടാ, ഒരുകോപ്പ ചായയും മുറുക്കാനും,
(ആരെയും കാണുന്നില്ലാ) പിന്നെയവാം

കാണുവാൻ കൊതിച്ചിട്ടു കാലങ്ങളെത്രയായി
കാണിയും ഭവാനെന്നിൽ കരുണയില്ലേ?"
(ആഗതൻ പറകയായ്) എപ്പോഴും ഗുലുമാലാൽ
ഈവഴിക്കിറങ്ങുവാൻ സമയമില്ല

ഉദ്യോഗമൊരുപുറ, മുത്സാഹമൊരുപുറ,
മൂന്നുത്തിൻ തലക്കാച്ചിലതിന്നുമേലിൽ
ഈമഴയൊന്നുകൊണ്ടും തീരാത്ത ചൂടാണയ്യോ
ഈശ്വരൻ തലച്ചോറിലെനിക്കു നൽകി.

അക്കഥയിരിക്കട്ടേ, നിങ്ങൾക്കും വിശേഷിച്ചീ-
ടിക്കിലും വിശേഷങ്ങളശേഷമില്ലേ?"
"ഓതുവാൻ തക്കതായിട്ടൊന്നുമേയില്ലെന്നാലും
ഓരേണ്ടതുണ്ടു ചില വിവരമിപ്പോൾ.

ഇന്നാട്ടിൽ പട്ടാളക്കാരേറെയെന്നുള്ളകാര്യ-
മന്നത്തെ വരവിൽ ഞാൻ പറഞ്ഞുവല്ലോ,
എന്തൊന്നോ നിങ്ങളേതോ സാഹിത്യ വി
[ഷയമായ്

പന്തിയില്ലാതെയെന്തോയെഴുതിയെന്നും,

വിദ്വാനോടൊരുവാക്കു ചോദിച്ചേയടങ്ങുന്നും
പട്ടാളക്കാരർ ചിലർ പറഞ്ഞിരിപ്പൂ
വായിച്ചു വാരികയിൽ ഞാനുമത്തവലേഖം
വാദത്തിനതിലേറെ വഴിയുമുണ്ടു്.

അത്തല ചൂടുമൂലം—അല്ലെങ്കിലിത്രമാത്രം
ശുദ്ധമേയബദ്ധങ്ങളെഴുതുമെന്നോ?

കാശിന്നുവേണ്ടിയാകാം, എങ്കിലുമെൻെറ ചേട്ടാ-
മോശമായിപ്പോയി തവ വിചിന്തനങ്ങൾ,
കുട്ട്യേട്ടൻ പറയുംപോൽ സംഗരസാഹിത്യത്തിൽ
കട്ടിയായാരുമേതു മെഴുതീലെങ്കിൽ,
ആരുടെ കുററമെന്നു ഞാനൊന്നു ചോദിക്കട്ടെ
(ആഗതൻ വാപിളർന്നു നിവർന്നിരുന്നു.)
നെല്ലിക്കാവെള്ളമൊരു നൂറെറാന്നുകുടം വാർത്താൽ
—അല്ലെങ്കിൽ അതു കുറെക്കഴിഞ്ഞു ചെയ്യാം—
ഫാസിസസിദ്ധാന്തങ്ങൾ നന്നല്ലെന്നുരചെയ്യാൽ
മോശമായ്പോമെന്നാണോ തവവിചാരം?
ജപ്പാൻെറ വികല്പങ്ങളന്യായമെന്നുചൊന്നാൽ
അപ്പൊഴും ഭവാനീഷ്യപെരുകുമെന്നോ?
താവക സുഹൃത്തുക്കൾ തമ്പ്രാൻെറ മഹിമയും
താരുണ്യവികാരവും വമിച്ചീടുമ്പോൾ,
പൊയ്പ്പോയ കാലത്തിൻെറ സ്വാദോർത്തുതികട്ടി
[ക്കൊ-
ണ്ടെപ്പോഴും സുഖിതരായ് മയങ്ങീടുമ്പോൾ,
ഉൽക്കടം സമരത്തിൻ സാഹിത്യം വളർന്നില്ലെ-
ന്നൽഘോഷിക്കുവാനങ്ങുന്നനർഹനത്രേ!
ഉളളൂരും വള്ളത്തോളുമല്ലെങ്കിൽവേണ്ട ചില-
പ്പിള്ളേരാവഴിക്കല്പം പരിശ്രമിച്ചാൽ,
എന്തതിലവിടേക്കീത്താപകോപങ്ങൾ, ശുമ്മാ-
മിണ്ടാതെ വല്ലേടത്തുമിരുന്നുകൂടെ?
(പത്നിയാളൊരുപാത്രം കാപ്പിയും മുറുക്കാനും-
എത്തിച്ചു) പൊന്നു ചേട്ടാ, കുടിക്കൂ കാപ്പി;
ഇത്തിരിയിരുട്ടട്ടെ ചൂട്ടൊന്നു തരാമതു
കത്തിച്ചുപിടിച്ചോണ്ടു കടന്നുകൊള്ളൂ.
(അപ്പോക്കുകണ്ടനേരമുണ്ടായി പരമുവി-
ന്നുത്സാഹമതാണിപ്പോളെഴുതാൻ മൂലം.)

ചെറുകഥ

# മാതൃസന്നിധിയിൽ

(വി. എം. ചന്ദ്രശേഖരൻ നായർ.)

“ദൂരനിർണ്ണയത്തിന്ന് പല മാർഗ്ഗങ്ങൾ നിങ്ങൾക്കു പറഞ്ഞു തന്നിട്ടുണ്ട്. ഒന്നിന്റെ പേർ പറയൂ; മാധവൻ.” അദ്ധ്യാപകൻ ചോദ്യമിട്ടു.

സ്വപ്നമണ്ഡലത്തിലെങ്ങോ സഞ്ചരിച്ചുകൊണ്ടിരുന്ന മാധവൻ തന്റെ പേർ കേട്ടു ഞെട്ടിയുണർന്നു. തന്നോടാണ് ചോദ്യമിട്ടിരിക്കുന്നതെന്നറിഞ്ഞ് ചൊടിപ്പായി ഉത്തരം നല്കി, “പിസ്റ്റൺ-ഗ്രൂപ്പ്.”

നിശിതമായ അച്ചടക്കബോധമുണ്ടായിരുന്നിട്ടും ആ ‘സ്ക്വാഡി’ലുള്ള. അവന്റെ കൂട്ടുകാർ പൊട്ടിച്ചിരിച്ചുപോയി. അദ്ധ്യാപകൻ വിറയൽ കൊണ്ടു. അയാൾ അലറി “—ബുദ്ധികെട്ട കഴുതേ! തോക്കു പൊക്കിപ്പിടിച്ചുകൊണ്ട്, ഓടൂ ഈ മൈതാനത്തിനു ചുററും.”

മാധവൻ തോക്കു പൊക്കിപ്പിടിച്ചുകൊണ്ട് മൈതാനത്തിനു ചുററും ഓടി. അന്നു തന്നെ തന്റെ ഉടുപ്പിന്റെ ബട്ടൺ നേരെ ഇട്ടിരുന്നില്ല എന്ന കുററത്തിന്ന് മാധവന്ന് ഏഴു ദിവസത്തെ കഠിനതടവു ശിക്ഷയും കിട്ടി. അയാളുടെ കൂട്ടുകാർ പറഞ്ഞു. “മാധവൻ ഇന്ന് ഇടത്തു വാക്കാനാ എണീററത്.”

മാധവൻ അന്നും എന്നത്തെപ്പോലെ തന്നെയായിരുന്നു എണീററത്. പക്ഷെ രാവിലെ കിട്ടിയ ഒരു കമ്പി സന്ദേശം അയാളുടെ മാനസികസുസ്ഥിതിയെ കഠിനമായി ഉലച്ചുകളഞ്ഞു. തന്റെ മാതാവ് രോഗബാധിതയായി അപകട നിലയിൽ കിടക്കുന്നു എന്നുള്ളതായിരുന്നു ആ സന്ദേശം. മാധവൻ അവധിക്കു ആവശ്യപ്പെട്ടു. പക്ഷെ അയാളുടെ ആവശ്യം അപരാധത്തിന്റെ അടിയിലായിപ്പോയി—ഉടുപ്പിന്റെ കുടുക്ക് നേരേ ഇടാത്ത അപരാധത്തിന്റെ! അന്ധമായ സൈനികനിയമം അയാളോടാജ്ഞാപിച്ചു, “ആദ്യം തന്റെ കർത്തവ്യം ശരിക്കു നിർവ്വഹിക്കൂ! അതിനു ശേഷം അമ്മയും അച്ഛനും!”

നിയമത്തിന്റെ നുകം ചുമന്നുകൊണ്ടു ആ ബലിഷ്ഠകായൻ കാരാഗാരത്തിന്റെ ഇരുമ്പഴികൾക്കുള്ളിൽ ഏഴു ദിവസം കഴിച്ചു. അയാളുടെ ശരീരം ഒരുയന്ത്രത്തെപ്പോലെ ജോലി ചെയ്തു; മനസ്സുമാത്രം അവിടെ ഇല്ലായിരുന്നു.

ഒരു ശബ്ദം മാധവന്റെ അന്തരാത്മാവിൽ സദാ മുഴങ്ങിക്കൊണ്ടിരുന്നു: “ഞാൻ കട്ടക്കു കാലും നീട്ടിയിരിക്കുകയാണ്. എന്റെ മോൻ ഒരു പിടി അരിക്കു എനിക്കു തരണേ!” മാധവന്റെ അമ്മ അവനെ യാത്ര അയക്കുമ്പോൾ നിറുകയിൽ ചുംബിച്ചുകൊണ്ട്, കണ്ണുനീർ പൊഴിഞ്ഞുകൊണ്ടു, പറഞ്ഞ വാക്കുകളായിരുന്നു ഇവ.

മാധവനറിയാം ആ വൃദ്ധയുടെ ജീവിതയാത്ര അവസാനിക്കാറായി എന്ന്. കഠിനയാതനകളാകുന്ന പാറകളിൽ തട്ടിമുട്ടിയും, പട്ടിണിച്ചുഴികളിൽ കിടന്നു വട്ടം കറങ്ങിയും ആ തോണി മുക്കാലും തകർന്നിരുന്നു. അതിന്മേൽ അംബരചുംബിയായ ഒരാശാസൗധവും അവർ പണിഞ്ഞിരുന്നില്ല. ഒരേ ഒരാശ മാത്രമേ അവശേഷിച്ചിരുന്നുള്ളൂ; തന്റെ മകന്റെ മുഖം കണ്ടു കണ്ണടയണമെന്ന്. ആ മാതൃഹൃദയം വിശ്വസിച്ചു, മരണാനന്തരം തന്റെ മകന്റെ സ്നേഹഹസ്തം അർപ്പിക്കുന്ന ഒരു പിടി അരി ജീവിതത്തിൽ തനിക്കുണ്ടായിരുന്ന കുറവുകളെയെല്ലാം പരിഹരിക്കുമെന്ന്.

* * *

മാധവന്റെ കരയിലെ പ്രഭു കുടുംബമാണ് ‘ചന്ദ്രോത്തു’ ഭവനം. അവിടെ പണിയെടുത്താണ് മാധവനും അവന്റെ അമ്മയും ഉപജീവിച്ചുപോന്നത്. മാധവന്റെ അച്ഛനാരെന്ന് അവനറിഞ്ഞുകൂടാ. അവന്റെ പരദൈവം ചന്ദ്രോത്തെ വലിയെജമാനനാണ്. ചന്ദ്രോത്തെ ക്ഷേമൈശ്വര്യങ്ങൾക്കുവേണ്ടി എല്ലുമുറിയെ പണിയെടുത്തിട്ടു ചെല്ലുന്ന മാധവനെ അവിടത്തെ വേലക്കാരി പുറംതിണ്ണയിൽ ഒരു പാത്രം കഞ്ഞികൊണ്ടു സല്ക്കരിക്കും. ദീപാളി നാളിൽ മാധവനു എണ്ണയും പലഹാരങ്ങളും കിട്ടും. തിരുവോണത്തിനു വലിയെജമാനൻ ഒരു പരുപരുത്ത ഒററമുണ്ടും തോർത്തും സമ്മാനിക്കും, ആ സമ്മാനം കൈനീട്ടി മേടിക്കുമ്പോൾ മാധവന്റെ ഹൃദയം കൃതജ്ഞതാമൂകമാകും.

മാധവന്റെ മുഖത്തു മീശ കിളിർത്തതിനു ശേഷവും അവനെ ചന്ദ്രോത്തുള്ളവർ തല്ലാറുണ്ട്. അപ്പോഴെല്ലാം അവന്റെ അമ്മ സമാശ്വസിപ്പിക്കും—“ചോറിന്റെ പുറത്തല്ലെ തല്ലുന്നത്?” മാധവനും അവന്റെ അമ്മയും വിശ്വസിച്ചുപോന്നു. അവരുടെ ശരീരത്തിലെ ഓരോ രക്തബിന്ദുവിനും അവർ ചന്ദ്രോത്തുള്ളവരോടു കടപ്പെട്ടിട്ടുണ്ടെന്ന്. അവരുടെ വിയർപ്പു നീരിലാണ് ആ പ്രഭുകുടുംബത്തിലെ ഐശ്വര്യവൃക്ഷം തഴച്ചുവളരുന്നതെന്ന് ഈ പാവങ്ങൾ അറിഞ്ഞിട്ടില്ല.

വലിയെജമാനന്റെ മകൻ അപ്പുവിനെ മാധവന്നു വളരെ സ്നേഹമാണ്. അപ്പുവിന്നും ‘മാതു’വിന്റെ പുറത്തു ആനകയറുന്നതു വളരെ ഇഷ്ടമായിരുന്നു. അപ്പു വളർന്നു ഇംഗ്ലീഷു പള്ളിക്കൂടത്തിലായി. മാധവൻ ചോദിച്ചു,—“കുഞ്ഞു ഇംഗ്ലീഷു പഠിച്ചു പോലീസ് ഇൻസ്പെക്ടരാകുമ്പോൾ പാവപ്പെട്ട മാതുവിനെ അറിയുമോ?” മാധവന്റെ ഭാവനാമണ്ഡലത്തിലെ ഏററവും വലിയ ഉദ്യോഗം പോലീസ് ഇൻസ്പെക്ടരുടേതാണ്.

ഒരു ദിവസം അപ്പു പള്ളിക്കൂടത്തിൽനിന്നു വന്നപ്പോൾ ഒരു സൈക്കിൾ കൂടെ കൊണ്ടുവന്നു. മാധവന്ന് അതിന്റെ ചക്രം ഒന്നു പിടിച്ചു കറക്കിനോക്കാൻ വലിയ കൌതുകം തോന്നി. മാധവൻ സൈക്കിൾതൊട്ടതും വണ്ടി മറിഞ്ഞുവീണതും ഒന്നായിക്കഴിഞ്ഞു. അപ്പുവിന്നു കോപം സഹിച്ചില്ല. മാധവന്റെ ചെകിട്ടത്തു അപ്പു തിരിച്ചും മറിച്ചും പ്രഹരിച്ചു.

“ചോറിന്റെ പുറത്തുള്ള ആ തല്ല്” മാധവനെ വേദനിപ്പിച്ചില്ല. പക്ഷെ കണ്ടുനിന്ന വേറൊരാളിന്റെ ഹൃദയത്തെ അതു വേദനപ്പെടുത്തി—കൊച്ചുവേലുവിന്റേ.

കൊച്ചുവേലുവും കുറെനാൾ മുമ്പുവരെ ഒരു ‘കാലിച്ചെക്കനായിരുന്നു. ഇന്നയാൾ ഒരു യോദ്ധാവാണ്,—നീതിക്കും ധർമ്മത്തിനും വേണ്ടി ആത്മബലിയർപ്പിക്കാമെന്ന് സത്യപ്രതിജ്ഞ ചെയ്തിട്ടുള്ള ഒരാൾ. ആയാൾ ലോകംകണ്ടു; ജീവിതമെന്താണെന്നറിഞ്ഞു. പൌരുഷം ധനവാന്റെ പൈതൃകമല്ല എന്നയാൾ ധരിച്ചുകഴിഞ്ഞു. കൊച്ചുവേലു ഇപ്പോൾ സമരരംഗത്തുനിന്നു അവധിയിൽ വന്നിരിക്കുകയാണ്.

അക്ഷോഭ്യനായിനിന്ന മാധവനോടു കൊച്ചുവേലു പരുഷസ്വരത്തിൽ പറഞ്ഞു, “എടാ, തടിയാ! നിനക്കഭിമാനമില്ലെ? ഈ പിള്ളരുടെ തല്ലു കൊള്ളാതെ പോയി ചാകരുതോ?”

‘അഭിമാനം!’ ആ ഒരു വാക്കിന്റെ അർത്ഥത്തെപ്പററി മാധവൻ ഇതിന്നുമുമ്പു ചിന്തിച്ചിട്ടില്ല. ഇന്നാദ്യമായി ചിന്തിക്കാൻ തുടങ്ങി. ആ യുവാവിൽ അന്തർലീനമായിക്കിടന്ന അഭിമാനബോധം ഉണർന്നു. അവൻ ആത്മനാ ശപഥം ചെയ്തു. “ഇനി ഞാൻ ഇവരുടെ ചവിട്ടു കൊള്ളുകയില്ല.”

കുബേരകുചേലഭേദമന്യേ കായികയോഗ്യതയുള്ള ഏവരേയും ഉൾക്കൊള്ളുന്ന ആ വിശാലസുഹൃൽ സംഘത്തിൽ—സൈന്യത്തിൽ—ചേരുവാനുള്ള മാർഗ്ഗം കൊച്ചുവേലു മാധവന്നുപദേശിച്ചു കൊടുത്തു. അങ്ങിനെ ആ ഗ്രാമീണയുവാവു ദാസ്യത്തിന്റെ ക്രൂരിരുൾപ്പടപ്പിൽനിന്നും സ്വാതന്ത്ര്യത്തിന്റെ വെളിച്ചത്തിൽ കാലൂന്നി.

* * *

ദില്ലിയിൽനിന്നും മദിരാശിയിലേക്കുള്ള തീവണ്ടി പുറപ്പെടാറായി. ഗംഭീരമായ ആൾത്തിരക്കിന്നിടയിൽക്കൂടെ മാധവൻ സാധനസഞ്ചിയും തൂക്കികൊണ്ട് ഫ്ളാററ്ഫോറത്തിന്നു നെടുകെ അങ്ങോട്ടുമിങ്ങോട്ടും ഓടുകയാണ്. അവസാനം ഒരു വണ്ടിയിൽ ഞെക്കിഞെരുങ്ങിക്കയറി. വണ്ടിവിടാൻ ഇനി നാലുനിമിഷം മാത്രം,—അതാ ഒരു യാത്രാനിയന്ത്രണോദ്യോഗസ്ഥൻ! മാധവൻ യാത്രക്കാരുടെ ഇടയിലേക്കു തല താഴ്ത്തി. പക്ഷെ ആ സാർജ്ജൻറിന്റെ സൂക്ഷ്മനയനങ്ങളെ വഞ്ചിക്കുവാൻ അവന്നു കഴിഞ്ഞില്ല. സാർജ്ജൻറ് വണ്ടിക്കുള്ളിലേക്കു കയറി മാധവന്റെ കിററ്ബാഗ് വലിച്ചു വെളിയിലേക്കെറിഞ്ഞു. മാധവൻ വിനയപൂർവ്വം അപേക്ഷിച്ചു. “എന്റെ അമ്മക്കു രോഗമാണ് കമ്പി വന്നിരിക്കുന്നു. ദയവുചെയ്തു എന്നെ ഈ വണ്ടിയിൽ പോകാൻ അനുവദിക്കൂ!

സാർജൻറ് സഗൌരവം മറുപടി നൽകി, “വ്യസനിക്കുന്നു നാളത്തെ സൈനിക തീവണ്ടിയിലല്ലാതെ നിങ്ങൾക്കു പോകാൻ സാദ്ധ്യമല്ല.”

വീണ്ടും സംശയിച്ചുനിന്ന മാധവനെ സാർജ്ജൻറ് ഗളഹസ്തം ചെയ്തു വെളിയിലാക്കി. അവജ്ഞാഗർഭമായ ഒരു ചൂളവുമിട്ടുകൊണ്ട് വണ്ടിനീങ്ങിത്തുടങ്ങി. മാധവന്നു ചുററും അന്ധകാരം വ്യാപിച്ചു. കണ്ണുകളിൽ അശ്രുജലം നിറഞ്ഞു. അവൻ നെടുതായൊന്നു നിശ്വസിച്ചു—“എന്റെ അമ്മ!”

ഇരുപത്തുനാലു മണിക്കൂറുകൾ ഇഴഞ്ഞു നീങ്ങി. ആശകളും പ്രതീക്ഷകളും തിങ്ങിവിങ്ങുന്ന അനേകശതം ഹൃദയങ്ങളേയും വഹിച്ചുകൊണ്ട് ആ സൈനിക തീവണ്ടിയും പുറപ്പെട്ടു. അതിന്റെ ഒരു കോണിൽ മാധവനുമുണ്ട്.

സൈന്യത്തിൽ ചേർന്ന് നാടു വിട്ടതു മുതൽ മാധവൻ എപ്പോഴും നാടിനെപ്പററി സ്വപ്നം കാണുക പതിവാണ്. വിദേശത്തുനിന്നുകൊണ്ടു ഭാവനാചക്ഷുസ്സുകളിലൂടെ നോക്കിയപ്പോൾ ആ ഗ്രാമത്തിലെ നിർജ്ജീവ വസ്തുക്കൾക്കുപോലും ഒരു നവചൈതന്യവും ശോഭയുമുണ്ടെന്നു മാധവനു തോന്നി.

അവധികിട്ടുന്ന ആ സുദിനത്തെ അവൻ അക്ഷമനായി കാത്തിരുന്നു. അവന്റെ ആയിരം സ്വപ്നങ്ങൾ തളിരിടാൻ പോകുന്നതു അപ്പോഴാണ്. അവന്റെ അമ്മക്കു സ്വതന്ത്രമായ ഒരു വീടുണ്ടാക്കിക്കൊടുക്കണം; അവൻ കണ്ട നാടുകളെപ്പററിയും അവന്റെ ജീവിതരീതിയെപ്പററിയും അമ്മയെ വിസ്തരിച്ചു കേൾപ്പിക്കണം; അക്ഷരം പഠിച്ച വിവരം അമ്മയെ ധരിപ്പിക്കണം; ചന്ദ്രോത്തെ വലിയെജമാനന്റെ മുമ്പിൽക്കൂടെ തലക്കെട്ടും കെട്ടി അലക്ഷ്യമായി നടന്ന് അവരുടെ യജമാനത്വത്തെ വെല്ലുവിളിക്കണം; ഇങ്ങിനെ പല ആഗ്രഹങ്ങൾ ആ ഹൃദയത്തിൽ കുടികൊണ്ടിരുന്നു.

ഇന്നാകട്ടെ, അവന്റെ അമ്മയുടെ രൂപമല്ലാതെ മററൊന്നും തന്നെ അവന്റെ ചിന്താമണ്ഡലത്തിലില്ല. ഇരച്ചു പാഞ്ഞുകൊണ്ടിരുന്ന ആ തീവണ്ടിക്കു തീരെ വേഗം പോരാ എന്നു മാധവനു തോന്നി. അക്ഷമയാൽ അവന്റെ ഹൃദയം പിടഞ്ഞുകൊണ്ടിരുന്നു.

ഒരപ്രസിദ്ധമായ സ്റ്റേഷനിൽ മാധവനെയും ഉപേക്ഷിച്ചിട്ടു മംഗലാപുരത്തേക്കുള്ള തീവണ്ടി കടന്നുപോയി. ഒന്നു രണ്ടു നിമിഷത്തിനകം തീവണ്ടിയുടെ ശബ്ദവും രജനിയുടെ നിഗൂഢതയിൽ ലയിച്ചു. സ്റ്റേഷനിൽ ഒരു മങ്ങിയ മണ്ണെണ്ണവിളക്കുമാത്രം ശേഷിച്ചു.

മാധവന്റെ ഗൃഹത്തിലേക്കു ഇനി നാലു നാഴിക ദൂരമുണ്ട്. ദിക്കെങ്ങും അന്ധകാരമയം. കാർമേഘപടലങ്ങളാൽ ആകാശം മൂടപ്പെട്ടു. ഒരു നക്ഷത്രത്തിന്റെ ദീപ്തിപോലും കാണാനില്ല. പ്രകൃതി ഒരു സംഹാരതാണ്ഡവത്തിനൊരുങ്ങി നില്ക്കുന്നതുപോലെ കാണപ്പെട്ടു.

പ്രകൃതിയുടെ ഈ ഭീകരതയൊന്നും മാധവന്റെ ഹൃദയത്തെ സ്പർശിച്ചില്ല. അവൻ പ്രഭാതത്തിനുവേണ്ടി കാത്തുനിന്നതുമില്ല. കിററ്ബാഗ് തോളിലെടുത്തുകൊണ്ടു ഗൃഹത്തിനെ ലക്ഷ്യ

(ശേഷം 10-ാം പേജിൽ)

UNIVERSITY LIBRARY 7 AUG 1945 MADRAS.

എന്താണ് സാഹിത്യകാരന്മാരെക്കൊണ്ടുള്ള പ്രയോജനം?

ലോകം പിടിച്ചടക്കാനൊരുങ്ങിയ

# 25 ഭടന്മാർ

[ഇന്നു ഇംഗ്ലണ്ടിൽ ജീവിച്ചിരുപ്പുള്ള യുവസാഹിത്യകാരന്മാരിൽ പ്രഥമസ്ഥാനമർഹിക്കുന്ന ഒരാളത്രെ മി. പ്രിച്ചററ്. കഴിഞ്ഞ യുദ്ധത്തിന്നുശേഷം ഇംഗ്ലണ്ടിലുണ്ടായ നവോത്ഥാനത്തിലും, പ്രത്യേകിച്ചും, 1930ന്നു ശേഷം ജോൺലെമാൻ, റാൽഫ് ഫോക്സ്, ഓഡൻ, സി. ഡെ. ലെവിസ്, സ്റ്റീഫെൻ സ്പെൻഡർ, തുടങ്ങിയവർ സമാരംഭിച്ച നവസാഹിത്യ (New writing) പ്രസ്ഥാനത്തിലും ഇദ്ദേഹം ഒരു നല്ല പങ്കു നിർവ്വഹിച്ചിട്ടുണ്ട്. പ്രബന്ധകാരൻ, നോവലെഴുത്തുകാരൻ, സാഹിത്യനിരൂപകൻ, എന്ന നിലയിൽ ഒരു നല്ല സ്ഥാനം അദ്ദേഹത്തിന്നു ഇടക്കാലത്തുവെച്ച് കൈവന്നു കഴിഞ്ഞിട്ടുണ്ട്. "Dead man leading", "You make up your own life" എന്നീ രണ്ടു നോവലുകളും മററു ഗ്രന്ഥങ്ങളുടേയും കർത്താവ്. "New Statesman & Nation" എന്ന പ്രസിദ്ധ ഇംഗ്ലീഷു പ്രതിവാരിക വായിക്കുന്നവർക്കു ഇദ്ദേഹത്തിന്റെ സാഹിത്യനിരൂപണങ്ങൾ സുപരിചിതമാണ്.—യു.സ.പ.]

## വി. എസ്സ്. പ്രിച്ചററ്

"ഈയംകൊണ്ടുള്ള ഇരുപത്തഞ്ചു ഭടന്മാരെക്കൊണ്ടു ഞാൻ ദിഗ്ജയം ചെയ്യും" എന്നു പറഞ്ഞതാരായിരുന്നു? കണ്ണാടി നിർമ്മാതാവും, കൽച്ചെത്തുകാരനും അച്ചടി എന്ന കല കണ്ടുപിടിച്ച ആളുമായ ഗട്ടൻബർഗ്ഗ് എന്ന ജർമ്മൻകാരനാണോ? കുരിശുയുദ്ധത്തിൽ യോദ്ധാക്കൾ തങ്ങളുടെ ആയുധങ്ങൾ ഉപയോഗിച്ചതിലും ക്രൂരമായ വിധത്തിൽ തന്റെ തൂലികയെ ഉപയോഗിച്ച വാൾട്ടയറായിരുന്നുവോ? അതോ, പ്രചരണത്തിന്റെ അട്ടഹാസം മുഴക്കുന്നതിന്നു ഇപ്പോൾ രികച്ചും പഠിച്ചു കഴിഞ്ഞ രാഷ്ട്രീയ നേതാവായിരിക്കുമോ? ആരായാലും ശരി, അയാളെ പിടിച്ചിരുത്തി ഈ പ്രസ്താവനയുടെ അർത്ഥമെന്തെന്ന് അന്വേഷിക്കുന്നതിന്നു ഞങ്ങൾക്കാഗ്രഹമുണ്ട്. ഏതൊരു രാജാവിന്നും പടനായകന്നും ചെയ്യാൻ സാധിക്കാത്ത കൃത്യങ്ങൾ നിർവ്വഹിക്കുന്നതിന്ന് അച്ചടിക്കാരന്റെ അക്ഷരമാലയിലെ 25 അക്ഷരങ്ങൾക്കു കഴിയുമെന്നു അദ്ദേഹം വിചാരിച്ചുവോ? അച്ചടിയന്ത്രത്തിലെ ഭടന്മാരാണ് യഥാർത്ഥ ഭടന്മാരെക്കാളും ശക്തന്മാരെന്നു അയാൾ ശരിക്കും ചിന്തിക്കുന്നുണ്ടോ? അങ്ങിനെയാണെങ്കിൽ തൂലിക വാളിനേക്കാൾ ബലവത്താണെന്നു പറഞ്ഞ ആളെക്കാൾ നല്ല ശൈലിയാണ് ഇദ്ദേഹം കണ്ടുപിടിച്ചിരിക്കുന്നത്.

ഈ പൊങ്ങച്ചംപറയലിന്നുള്ള മറുവടി ഇതാണ്: തൂലികയും വാളും പലപ്പോഴും തോളോടു തോൾ ചേർന്നു തന്നെ—ഇരു ചേരികൾ തിരിയാതെ—പൊരുതി വന്നിട്ടുണ്ട്. തൂലിക രാജ്യങ്ങളെയല്ല മനോമണ്ഡലങ്ങളെയാണ് ആക്രമിക്കുന്നത്. "കുലീനന്മാരായ ഇംഗ്ലീഷുകാരേ! മുന്നോട്ട്" എന്ന സന്ദേശമടങ്ങിയ "ഹെൻറി അഞ്ചാമൻ" എന്ന പടം ഇംഗ്ലീഷുകാർക്ക് വിമിനം മുതൽ ദർശിക്കാൻ സാധിച്ചു. ഈയം കൊണ്ടുള്ള ഭടന്മാരും യഥാർത്ഥ ഭടന്മാരും പൊരുതുന്നു; അവർ രണ്ടു കൂട്ടരും ഒരേ യുദ്ധം തന്നെ തുടരുന്നു. യുദ്ധത്തിന്നെതിരായി കൂടി യുദ്ധം ചെയ്യുന്നു; എന്നാൽ, അവരുടെ സമരത്തിന്റെ സാങ്കേതികരീതിയിൽ വമ്പിച്ച വ്യത്യാസമുണ്ട്. മനുഷ്യമനസ്സിലേയ്ക്കു തുളച്ചു കയറുന്നതിന്നുവേണ്ടി കാചഭടന്മാർ അനുസ്യൂതം പൊരുതിവരുന്നു. നമ്മുടെ മനസ്സിന്റെ വനാന്തരങ്ങളുടെ അന്തർഭാഗത്തേയ്ക്ക്, പടിപടിയായി വെട്ടിത്തെളിയിച്ചുകൊണ്ടു, അവർ പ്രവേശിക്കുന്നു. അവർ കവാത്തെടുപ്പിച്ച് സുശിക്ഷിതരാക്കപ്പെട്ട ഭടന്മാരല്ല തന്നെ.

ലോകം പിടിച്ചടക്കുന്ന കാചഭടന്മാർ എന്നാൽ അതേസമയത്തു ഏററവും സവിശേഷ രീതിയിൽ പരിശീലനം ചെയ്യപ്പെട്ടവരുമാണ്. അവരുടെ അച്ചടക്കം അകത്തുനിന്നാണ് ഉത്ഭവിക്കുന്നത്. പുറമെനിന്നു നോക്കിയാൽ അവർ തീരെ അച്ചടക്കമില്ലാതെ ചിരിച്ചും കളിച്ചും, കലഹിച്ചും, ധാടിച്ചും, അധിക്ഷേപിച്ചും മേധാവികളോടു അനുസരണക്കേടു കാണിച്ചും കഴിയുന്ന ഒരു സംഘക്കാരാണെന്നു തോന്നും. സ്വഭാവത്തിൽ ഹിംസാപരവും ക്രൂരവുമായ ഇവർ സിക്കൻസിനെപോലെ കരഞ്ഞുകൊണ്ടും, റെബലിയാസിനെപ്പോലെ പൊട്ടിച്ചിരിച്ചും നിക്ഷേയെപ്പോലെയും സ്വിഫ്ററിനെപ്പോലെയും ഉന്മാദം കലർന്നു, കാറൽമാർക്സിനെപ്പോലെ മുറുമുറുത്തുകൊണ്ടും, അവസാനം അവരുടെ യുദ്ധങ്ങളിൽ വിജിഗീഷുക്കളായിത്തീരുക തന്നെ ചെയ്യുന്നു.

ഏതായുധവും എടുത്തുപയോഗിക്കുന്ന സാധാരണ ഗെറില്ലകളാണ് അവർ.

അച്ചടിയന്ത്രം കണ്ടുപിടിച്ചവർ അവരുടെ കണ്ടുപിടുത്തത്തെപ്പററി തെററിദ്ധരിച്ചു. പഴയ കാലത്തെ റിക്കാർഡുകളെ പകർത്തുന്നതിന്നും ശരിയാക്കുന്നതിന്നും ഉള്ള ഒരു മാർഗ്ഗമാണ് അതെന്നു അവർ കരുതി; ഉൽകൃഷ്ടമായ സാരത്തെ ആവർത്തിക്കുന്ന ഒരു ഗ്രാമഫോൺ റിക്കാർഡാണ് അതെന്നു അവർ വിചാരിച്ചു. പകർത്തുക മാത്രമല്ല അച്ചടിയുടെ കൃത്യമെന്നുള്ള വിവേകം ജനങ്ങളിൽ ഉദിക്കുന്നതിന്നു കുറച്ചുകാലം വേണ്ടിവന്നു; അതു പകർപ്പുകളെ അധികരിക്കുകൂടി ചെയ്യും. അച്ചടിയെ ഗുണീഭവിക്കാൻ സാധിച്ചതു ഒരു യഥാർത്ഥ നേട്ടമാണ്; അതാണ് ലോകാക്രമണത്തിന്നുള്ള ഒരു കാരണം. അച്ചടി കണ്ടുപിടിച്ചതിന്റെ ഒരു അനന്തരഫലമാണ് ഫ്രഞ്ചുവിപ്ലവമെന്നു ഹാസ്ലിററ് പ്രസ്താവിക്കയുണ്ടായി; അവർ പെരുകിത്തുടങ്ങിയപ്പോൾ ഒരിക്കൽ കാചഭടന്മാർ 25 പേരും നഗരവും നാട്ടിൻപുറവും തമ്മിലുള്ള മദ്ധ്യദശയിലെ തടസ്സങ്ങളെയും, കൊട്ടാരച്ചും കൊട്ടാരവും തമ്മിലുള്ള ദൂരത്തേയും നശിപ്പിച്ചുകളഞ്ഞു. പുറമെനിന്നുള്ള സമ്മർദ്ദംകൊണ്ടും, അകത്തുനിന്നും ശകലീഭവിക്കയും ചെയ്തിരുന്ന ആ സമ്പ്രദായത്തെപ്പററി മനുഷ്യമനോമണ്ഡലത്തിൽ സംശയങ്ങൾ അവർ വിതച്ചു ശത്രുനിരകൾക്കു മുന്നിലും പിന്നിലും നിന്നു വാക്കുകൾ പൊരുതി.

സ്വേച്ഛാധിപത്യ ഗവൺമെണ്ടുകൾ, സാമ്പത്തികമോ, രാഷ്ട്രീയമോ, മതപരമോ ഏതായാലും ശരി, തങ്ങൾക്കുവേണ്ടി മാത്രം ഈ 25 കാചഭടന്മാരെ കൈക്കലാക്കുന്നതിന്റെ പ്രാധാന്യം സദാ മനസ്സിലാക്കിയിട്ടുണ്ട്. അതിന്നായി പാടുപെട്ടു വരുന്ന അമ്പതു വയസ്സുമാത്രം പ്രായമുള്ള ആധുനിക രാഷ്ട്രീയ രീതികളും പുതിയ മതങ്ങളും ഉണ്ട്. നമ്മുടെ കാലത്തു തന്നെ മാർക്സിന്റെയും ഫ്രോയ്സിന്റെയും ഗ്രന്ഥങ്ങളാൽ തന്റെ പട്ടടത്തി കൊളുത്തുകയും, വർഗ്ഗസിദ്ധാന്തക്കാരുടെയും പുതിയ സുവിശേഷങ്ങളും "മേൻകാംഫി"ലെയും പ്രവാചകന്മാരെയും നിയമത്തേയും ലോകത്തിന്നു നൽകുകയും ചെയ്തു ഹിററ്ലറെ നാം കണ്ടിട്ടുണ്ട്. ധാരാളം ആളുകൾ പുസ്തകമില്ലാതെത്തന്നെ സുഖമായി ജീവിക്കുന്നതുകൊണ്ട്—ഫാസിസം പറയുന്നു—ബാക്കിയുള്ള നാം ഒരു ഗ്രന്ഥം കൊണ്ടോ അന്തരാഹ്വാന പ്രചോദിതനായ നേതാവിന്റെ വാക്കു കൊണ്ടോ, ആ കൂട്ടത്തിന്റെ നുരുമ്പിച്ച സാഹിത്യംകൊണ്ടോ തൃപ്തിപ്പെട്ടുകൊള്ളണമെന്ന്.

അനുകരണാത്മകമായ ഒരു കോമാളിത്ത സ്വഭാവമാണ് ഫാസിസത്തിന്റേതു്. ഭൂതകാലത്തിലേക്കു നാം തിരിഞ്ഞു നോക്കുമ്പോൾ, ഒരു പുസ്തകമോ, ഗ്രന്ഥസമുച്ചയമോ ആ കാലഘട്ടത്തെ അധീനിച്ചതായി കാണപ്പെടുന്നു. "റിഫർമേഷൻ" കാലത്തിന്റെ മേധാവിത്വം ബൈബിളിന്നാണ്. 18-ാം നൂററാണ്ടിനെ ഭരിക്കുന്നതു് റൂസ്സോവിന്റെ "എമിലി", "കോൺട്രാക്ട് സോഷ്യൽ" എന്ന ഗ്രന്ഥങ്ങളാണ്. പദവിയിലുള്ള യൂറോപ്യൻ യുവാക്കളുടെ മുഖഭാവം മുഴുവൻ ഒരു കാലത്തു ബൈറൺന്റെ ശാസനപ്രകാരമായിരുന്നു. സ്പെയിൻകാരെ കപിക്കോലങ്ങളാക്കിയെന്നു കെർവൻടസ്സിനെ അധിക്ഷേപിക്കപ്പെട്ടുവരുന്നു. 19-ാം നൂററാണ്ടിനെ മാർക്സും, 20-ാം നൂററാണ്ടിന്റെ ആദ്യദശകങ്ങളെ ഫ്രോയ്ഡും ഭരിച്ചുവന്നു. ഒരു കാലഘട്ടം അതിന്റെ സ്വേച്ഛാധിപതിയേയും, അതിന്റെ മാതൃകയേയും തിരഞ്ഞെടുക്കുന്നു. ഗ്രാഹ്യത്താലും, അഭിരുചിയാലും നാം നയിക്കപ്പെടാത്ത അവസരത്തിൽ 'ഫാഷൻ' നമ്മെ പിടികൂടുന്നു.

മതാധിപന്മാരുടേയും രാഷ്ട്രീയ സ്വേച്ഛാധിപതികളുടേയും 'വിവാദം മുറിഞ്ഞുപോകുന്നതു് പ്രായോഗികതയുടെ മുമ്പിൽവെച്ചാണ്. മററു പുസ്തകങ്ങൾ നശിപ്പിച്ചു ഒരു ഗ്രന്ഥത്തെ പ്രചുരപ്രചാരമാക്കാൻ സാദ്ധ്യമല്ല. അതു പ്രചാരമാവണമെങ്കിൽ, അല്ലാത്തപക്ഷം നമ്മുടെമേൽ വെച്ചുകെട്ടേണമെങ്കിൽ ആശയപരമായ ഒരു പരസ്യസമരത്തിൽ വിജയം കൈവരിക്കണം. കാരണം ശരിയായ അർത്ഥത്തിൽപ്പറഞ്ഞാൽ, പുസ്തകങ്ങൾ വെറും വ്യക്തികളാൽമാത്രം എഴുതപ്പെട്ടതല്ല. അവർ ജീവിച്ചുവരുന്ന സമുദായം അവരുടെ ചെവിയിൽ മന്ത്രിക്കുന്നതു് അവർ രേഖപ്പെടുത്തുകമാത്രമാണ് ചെയ്യുന്നതു്. ഡോക്ടർ ജോൺസന്നുള്ള വിവേകശീലം 18-ാം നൂററാണ്ടിന്റെ വിവേക ശീലമാണ്. സമുദായസ്ഥിതികളിൽനിന്നാണ് പുസ്തകങ്ങൾ സമുത്ഭവിക്കുന്നതു്. ഇംഗ്ലണ്ടിലെ താണ ഇടത്തരക്കാരുടെ ജീവിതമാണ് 'മി. പോളി' എന്ന എച്ച്. ജി. വെൽസിന്റെ നോവലിൽ നാം കാണുന്നതു്. അന്തസ്സേറിയ ഇടത്തരക്കാരുടെ ലൗകിക ജീവിതത്തിലെ കാട്ടുപടലങ്ങൾ പ്രഫസർ ഫ്രോയിസിനെ സമീപിച്ച് അതിന്നുള്ള കാരണങ്ങൾ അന്വേഷിച്ചപ്പോഴാണ് ഫ്രോയിസ്സിന്റെ മാനസീകാപഗ്രന്ഥനരീതി സമുത്ഭവിച്ചതു്.

അടിയിൽ നിന്നുള്ള കടുത്ത സമ്മർദ്ദം മൂലമാണ് വിശിഷ്ടമായ സാഹിത്യം മുകളിലേയ്ക്കു പൊങ്ങിവരുന്നതു്. അതു മനുഷ്യനിൽ നിന്നുരുവമെടുക്കുന്നു. സാഹിത്യം, ശാസ്ത്രം, തത്വജ്ഞാനീയം, ചുരുക്കത്തിൽ അച്ചടിച്ച എല്ലാ വാക്കുകളും സ്വർഗ്ഗീയമായ വെളിപാടു മൂലമല്ല ഉത്ഭവിക്കുന്നതു്. പിന്നെയോ? സ്വയം നിർമ്മിക്കുകയും പുനഃനിർമ്മിക്കുകയും ചെയ്തുവരുന്ന മനുഷ്യരിൽനിന്നാണ്.

ലാറൻസ് ലൗകിക ഭ്രാന്തനായിരുന്നുവെങ്കിൽ, അഥവാ മാർക്സ് വർഗ്ഗഭ്രാന്തു കലർന്ന ആളായിരുന്നുവെങ്കിൽ, അവരെ ഉല്പാദിപ്പിച്ച ആ കാലഘട്ടവും അങ്ങിനെ തന്നെയായിരുന്നു. അവരെ ഭ്രാന്തു പിടിപ്പിച്ച അതെന്താണെന്നു ആരാഞ്ഞറിയുന്നതിന്നു അവർ ശ്രമിച്ചുവെന്നുമാത്രം.

അഞ്ചുകൊല്ലത്തെ സമരത്തിന്നുശേഷം ബോമ്പു വീണു തകർന്ന ഗ്രന്ഥശാലയുടെ മുമ്പിൽ നിരന്നുനിന്നു നമുക്കു ഒരിക്കലും കിട്ടാൻ കഴിയാത്ത പുസ്തകത്തെപ്പററി അന്വേഷിക്കുമ്പോഴും, തകർന്ന സർവ്വകലാശാലകളിൽ കുപ്പക്കൂമ്പാരങ്ങൾ പോലെ കുന്നുകൂടിക്കിടക്കുന്ന വെന്തുകരിഞ്ഞ ഗ്രന്ഥാവശിഷ്ടങ്ങൾ കാണുമ്പോഴും വിശ്വം പിടിച്ചടക്കാൻ പോവുന്ന ആ ഇരുപത്തഞ്ചു ഭടന്മാരെപ്പററി നാം ഓർക്കുന്നു. തൂലിക വാളിനേക്കാൾ ശക്തിയേറിയതായിരിക്കാം. പക്ഷെ അതു പൊട്ടിത്തെറിക്കലിനെക്കാൾ ബലം കൂടിയതാണോ? മനുഷ്യൻ രക്ഷ പ്രാപിക്കുന്ന ജീവിയാണെന്നതു ശരിതന്നെ; പേടിത്തൊണ്ടന്മാരും, വീരാഗ്രേസരന്മാരും പരിഷ്ക്കാരത്തെ പരത്തിയിട്ടുണ്ട് എന്നതു് ഒരു വാസ്തവമാണ്.

യുദ്ധത്തിന്നു മുമ്പുള്ള 20 കൊല്ലങ്ങളിലേക്കു ഒന്നു കണ്ണോടിച്ചു നോക്കുക. യുദ്ധത്തിന്നെതിരായും, ന്യായമായ ഒരു ലോകസംഘടനക്കു വേണ്ടിയും, കൂടുതൽ നല്ല മനുഷ്യബന്ധങ്ങൾക്കു വേണ്ടിയും, മനുഷ്യൻ ഇതേവരെ ആവശ്യപ്പെട്ട

സർവ്വതിന്നു വേണ്ടിയും, ഈ ഇരുപത്തഞ്ചു കൊച്ചു കാചയോദ്ധാക്കൾ പോരാടിയതായി കാണാം. എന്നിട്ടും അവർക്കു യുദ്ധത്തെ തടഞ്ഞുനിർത്താൻ സാധിച്ചില്ല. അവരെന്തുചെയ്തു? 1940 ൽ ധിഷണാശാലികളുടെ നേർക്കു യാദൃച്ഛികമായി ഒരെതിർപ്പുണ്ടായി. സാഹിത്യകാരന്മാർ സുഖലമ്പടന്മാരും, ദുരാഗ്രഹികളും, ഉത്തരവാദമില്ലാത്തവരും, ഭൗതികവാദികളും, ജീർണ്ണിച്ചവരും ഗർവ്വികളുമായിരുന്നുവെന്നുള്ള ആക്ഷേപ വർഷങ്ങൾ കേൾക്കാൻ തുടങ്ങി. ഒരു മാതിരി 'ദേവതയൊഴിപ്പിക്ക'ലായിരുന്നു അതു്. ധിഷണാശാലികൾക്കു് വളരെയധികം അധികാരമില്ലാത്ത ഇംഗ്ലണ്ടിൽ ഈ "ദേവതയൊഴിപ്പിക്കൽ" ഒരു രസകരമായ വിനോദമാണു്. അതു ക്രമേണ ഫ്രാൻസിലേക്കും പരന്നു. ഫ്രാൻസിനേയും ഇംഗ്ലണ്ടിനേയും ആധുനിക യുദ്ധത്തിന്നുവേണ്ട ആയുധസാമഗ്രികളാൽ സജ്ജമാക്കുന്നതിന്നു ചുമതലപ്പെട്ട രാഷ്ട്രീയ പ്രവർത്തകന്മാരും, മുതലാളികളും, ഭരണകർത്താക്കളും, സൈന്യാധിപന്മാരും അതിന്നു സാദ്ധ്യമാവാത്തതിന്റെ ഉത്തരവാദിത്വം സാഹിത്യകാരന്മാരുടെനേർക്കു വലിച്ചെറിയാനുള്ള ദുർബ്ബുദ്ധി കാണിച്ചു. അവരുടെ മനോധൈര്യത്തെ സാഹിത്യകാരന്മാർ ഇല്ലാതാക്കിത്തീർത്തുവെന്നവർ പറഞ്ഞുപരത്തി.

മനോധൈര്യത്തെ ഇളക്കുന്നതു് സാഹിത്യകാരന്മാരുടെ ഉദ്യോഗമാണു്. സമുദായം സ്വയം ചിന്തിക്കുന്നുണ്ടു്. ചില ജനങ്ങൾ അവരതെല്ലാം അംഗീകരിക്കുന്നുണ്ടെന്നും അറിയുന്നുണ്ടെന്നും ഭാവിക്കുകയുംചെയ്യുന്നു. എന്നാൽ അതത്ര ശരിയല്ല. സമുദായം ഇതു മനസ്സിലാക്കി സാഹിത്യകാരന്മാരോടു പിറുപിറുക്കുന്നു. ആ നല്ല ജേൻ ആസ്റ്റിൻ കൂടി മനുഷ്യബന്ധത്തിൽ പണത്തിന്നുള്ള പ്രാമാണ്യത്തെപ്പററി പിറുപിറുക്കുന്നു. എല്ലാവർക്കുമറിയാം വിക്ടോറിയൻ ദശയിലെ നോവലെഴുത്തുകാർ ഇടത്തരക്കാരുടെ അന്തസ്സേറിയ ജീവിതരീതിയെ എതിർത്തിരുന്നുവെന്നു്. റഷ്യയിലെ നോവലെഴുത്തുകാർ 19-ാം നൂററാണ്ടിലെ ജന്മികളുടെ ജീവിതത്തിലുണ്ടായിരുന്ന ജീർണ്ണിക്കലും ഇളക്കങ്ങളും രേഖപ്പെടുത്തിയിട്ടുണ്ടു്. പൊതുജനങ്ങൾ സാഹിത്യകാരന്മാരെ എതിർക്കുമ്പോൾ, അവർക്കു ഒരു ചീത്തമനസ്സാക്ഷിയോടുകൂടിയാണു് അങ്ങിനെ ചെയ്യുന്നതു്. അവർ ചില സംഗതികൾ മറച്ചുവെക്കണമെന്നു കരുതുന്നു. 1940 ൽ സാഹിത്യകാരന്മാരെ എതിർത്തതു തങ്ങളെപ്പററിത്തന്നെ പലതും മറച്ചുവെക്കുവാനുള്ള ചില കൂട്ടരാണു്. സാഹിത്യകാരന്മാരെ ദയവുചെയ്തു് തനിച്ചുവിടുക. അവർതന്നെത്താൻ എതിരിടട്ടേ; അതാണു് ആ ഇരുപത്തിയഞ്ചു ഗറില്ല ഭടന്മാരുടെ അച്ചടക്കം. സാഹിത്യകാരന്മാർ നേതൃത്വം നൽകുന്നില്ല. അവർ നമ്മോടു പറഞ്ഞുതരുന്നു. നാം ഏതൊരു മാർഗ്ഗമാണു് സ്വീകരിച്ചിരിക്കുന്നതെന്നു അവർ നമ്മെ ഓർമ്മിപ്പിക്കുന്നു. ഒരേ സമയത്തുതന്നെ പലപ്പോഴും ഒന്നു രണ്ടു മാർഗ്ഗങ്ങളിൽ കൂടി പ്രയാണം ചെയ്യുന്നതിന്നു ചില ആളുകൾ ശ്രമിക്കാറുണ്ടുതാനും.

ഈ ഇരുപത്തഞ്ചു കാചഭടന്മാർ ഒരിക്കലും അബദ്ധം പ്രവർത്തിക്കാറില്ലെ? ഉണ്ടു്, മിക്കപ്പോഴും അവർ തെററു ചെയ്യുന്നുണ്ടു്. അവരുടെ ചില അബദ്ധങ്ങളും വൈരുദ്ധ്യങ്ങളും നോക്കുക. ഹാസ്ലിററിനെ വേണമെങ്കിൽ നമുക്കു ഒരു ക്വിസ്ലിങ്ങായിരുന്നുവെന്നു പറയാം; നെപ്പോളിയനിക് യുദ്ധകാലത്തു്, നെപ്പോളിയൻ വിപ്ലവത്തിനെ പ്രതിനിധീകരിക്കുന്നതുകൊണ്ടു അദ്ദേഹം ഒരു ദൈവമാണെന്നു പറഞ്ഞു ഹാസ്ലിത്ത് ഇംഗ്ലീഷുകാരുടെയെല്ലാം വെറുപ്പിന്നു പാത്രമായി. വിപ്ലവത്തിന്റെ ആശയിൽ യൂറോപ്പു ജീവിച്ചുകൊണ്ടിരിക്കെ, സർ വാൾട്ടർ സ്കോട്ട് പരിഷ്ക്കരണങ്ങളെക്കൂടെ എതിർത്തു. അമേരിക്കൻ അഭ്യന്തരയുദ്ധകാലത്തു് കാർലൈലും, താക്കറേയും അബ്രഹാം ലിങ്കന്റെ 'മൂർഖത' യെപ്പററി ആക്ഷേപിച്ചു. പണക്കാരുടെ വിവാഹസമ്പ്രദായത്തെ എതിർക്കുന്നതിനിടയ്ക്കു് മനുഷ്യന്റെ ശത്രു മനസ്സാക്ഷിയാണെന്നും, തന്മൂലം ഒരുതരം നിർവ്വാണപ്രാപ്തിയാണു് ആവശ്യമെന്നും ടോൾസ്റ്റോയ് പ്രഖ്യാപിച്ചു. വരുവരുത്ത വിപ്ലവകാരിയും, സ്വയം പഠിച്ചുയർന്നവനും, ഒരു നല്ല ഇംഗ്ലീഷു വ്യാകരണനിർമ്മാതാവുമായ കോബ്ബററ് സാർവ്വജനീന സാക്ഷരത്വം ഒരപരാധമാണെന്നു ഗണിച്ചുവന്നു. എച്ച്. ജി. വെൽസിന്റെ ചരിത്രം, വിപ്ലവത്തെപ്പററിയുള്ള മാർക്സിന്റെ ദീർഘദർശനങ്ങൾ, ലാറൻസിന്റെ മനശ്ശാസ്ത്ര തത്വങ്ങൾ, ഇവയൊക്കെ അബദ്ധങ്ങളാണു്, അല്ലെങ്കിൽ അർദ്ധാബദ്ധങ്ങളാണു്. അബദ്ധവും, സുബദ്ധവും മനസ്സിലാക്കുന്നതിന്നു വേണ്ടിയല്ല നാം വായിക്കുന്നതു്; നമ്മുടെ ജീവിതം ഒരു പുതിയ ചൈതന്യത്തെ കണ്ടുപിടിക്കുന്നതിന്നു നാം വായിക്കുന്നു. നിശ്ചേഷ്ടമായി നിൽക്കുന്നവരല്ല, പുരോഗമിക്കുന്ന ജീവികളാണു് നാമെന്നു മനസ്സിലാക്കുന്നതിന്നു നാം വായിക്കുന്നു.

വെന്തെരിഞ്ഞ ഗ്രന്ഥാലയത്തിന്നുമുമ്പിൽ നിന്നു നാം ചോദിക്കുന്നു: ഇരുപത്തഞ്ചു ഈയപട്ടാളക്കാർ ഇപ്പോൾ എന്തുചെയ്യാനാണു് ഭാവം? അവരുടെ കാതിൽ എന്താണു് നാം മന്ത്രിക്കേണ്ടതു്? എന്തു പറയുവാനാണു് നാം അവരോടു ആവശ്യപ്പെടേണ്ടതു്? അവർ പരിഷ്ക്കാരത്തിന്നുവേണ്ടി പൊരുതുമോ? ഇന്നു നമുക്കു പരിഷ്ക്കാരം വേണ്ടിവന്നാൽ ഏതു ദിവസവും നശിപ്പിക്കുവാൻ കഴിയും. അതുകൊണ്ടു അവർക്കു പൊരുതുകതന്നെ ചെയ്യേണ്ടിവരും. ഈ ചോദ്യങ്ങൾ കൊണ്ടു അവരെന്തു മനസ്സിലാക്കുമെന്നാണു് നാം ധരിക്കുന്നതു്? അവരോരോരുത്തരും ഇങ്ങിനെ മനസ്സിലാക്കണമെന്നു നാം ഉദ്ദേശിക്കുന്നു: ഏററവും വമ്പിച്ച ഒരു സംഘട്ടനം ഇന്നത്തെ പരിഷ്ക്കാരത്തിലുണ്ടെന്നു് ഉത്തമ സാഹിത്യകാരന്മാർ എന്തെങ്കിലും എഴുതുന്നപക്ഷം ഇതിനെപ്പററിയും എന്തെങ്കിലും എഴുതാതിരിക്കുകയില്ല. കൊള്ളരുതാത്ത എഴുത്തുകാർക്കു് ഈ സംഗതി അറിഞ്ഞുകൂടായിരിക്കും; കാരണം അവർക്കു സ്ഥിതിഗതികൾ തികച്ചും വ്യക്തമായി മനസ്സിലാക്കാൻ അസാദ്ധ്യമാണു്. അവരോടു സ്വകാര്യം പറഞ്ഞിട്ടു യാതൊരു ഫലവുമില്ല. നിങ്ങൾക്കു അട്ടഹസിക്കയേ നിവൃത്തിയുള്ളൂ. പരിഷ്ക്കാരം തുടർന്നുപോകുന്നതിന്നുള്ള നിശ്ചയം ഉണ്ടാക്കിത്തരുന്നതിന്നു നമുക്കു സാഹിത്യകാരന്മാരോടു ആവശ്യപ്പെടുക. ഗ്രന്ഥകാരന്മാർക്കു് രക്ഷിക്കാൻ സാദ്ധ്യമല്ല; പക്ഷെ അവർക്കു സുരക്ഷയ്ക്കുള്ള നിശ്ചയത്തെ പരിപോഷിപ്പിക്കാം. റോസൻബർഗ്ഗ്, ഹൌസ്റ്റൻ, ചെമ്പർലെയിൽ, ഗോബിന്യൂ—നോർഡിക് മിത്ഥ്യയുടെ സ്രഷ്ടാക്കൾ—ഇവരെല്ലാം നമ്മിൽനിന്നു പരിഷ്ക്കാരത്തെ പുലർത്തുവാനുള്ള ദൃഢനിശ്ചയത്തോടെ നശിപ്പിക്കുന്നതിന്നു ശ്രമിച്ചു. വ്യക്തിപരമായ വ്യാമോഹങ്ങളിലും മിത്ഥ്യാഭ്രമങ്ങളിലും നമ്മെ വലിച്ചിഴച്ചാണു് അവരീകൃത്യത്തിന്നൊരുമ്പെട്ടതു്.

അവർക്കറിയുന്ന യാഥാർത്ഥ്യങ്ങളെപ്പററി, നമ്മെ സന്തുഷ്ടരാക്കുന്നതിന്നുവേണ്ടി മാത്രമല്ല, എഴുതുന്നതിന്നു നമുക്കു ആവശ്യപ്പെടുക. ഗ്രന്ഥകാരൻ ഒരു വിമർശകനാണെങ്കിൽ നമുക്കിങ്ങനെ പറയുക: "വായനക്കാരോടു് ആയാൾ ആ പുസ്തകമോ ഈ പുസ്തകമോ ഇഷ്ടപ്പെടുമെന്നു പറഞ്ഞു പററിക്കുന്ന കച്ചവട വിദ്യ നിർത്തുക." ഇന്നു ചില തോതുകളുണ്ടു്; ആ തോതുകളെപ്പററി വായനക്കാരെന്നു നിർദ്ദേശിച്ചു കൊടുക്കുക. ഒരു ഗ്രന്ഥം വാങ്ങുന്നതിന്നു് ആൽഫ്രഡ് രാജാവിന്നു ഒരു എസ്റ്റേററു മുഴുവനും വിൽക്കേണ്ടിവന്ന ആ കാലത്തും, ധാരാളം പുസ്തകങ്ങൾ പെരുകിവരുന്ന ഇക്കാലത്തും ആ തോതുകൾ ഒരുപോലെത്തന്നെ കണിശമാണു്. ഈ തോതുകളുടെ തരം താഴ്ത്തുക എന്നുവെച്ചാൽ, അതിന്റെ അർത്ഥം പരിഷ്ക്കാരത്തിന്റെ തരം താഴ്ത്തുക എന്നാണു്. ഒരു സാഹിത്യകാരൻ ഗ്രന്ഥകാരനോ നിരൂപകനോ ആരായാലും ശരി, ആയാൾ യൂറോപ്പിലെ നശീകരണങ്ങളെ, ആധുനിക യുദ്ധത്തിന്റെ ഭീകരത്വങ്ങളെ, യന്ത്രങ്ങളുടെ തണ്ടപ്പൻ മട്ടിൽനിന്നു് അവരുടെ കിരാതപരമായ ആവേശങ്ങളിലേക്കു് നിരാശയോടെ ചാടിക്കയറുന്ന മനുഷ്യന്റെ ക്രൂരതയെ കാണുമ്പോൾ, ആയാളെന്തുതന്നെ ഇതേവരെ ചെയ്തിട്ടുണ്ടെങ്കിലും, ഇന്നു മനുഷ്യനു കഠിന ഉപദേശം നൽകുകയാണു് സർവ്വോപരി തനിക്കുള്ള ചുമതലയെന്നു് ആയാൾക്കു ബോദ്ധ്യമാകും. രണ്ടു ശതാബ്ദങ്ങളോളമായി നാം മനുഷ്യനെ തികച്ചും വിസ്മരിച്ചു കഴിഞ്ഞിട്ടു്.

എന്നാൽ അച്ചടിയക്ഷരങ്ങളുടെ രണപാടവം ഒരു റെജിമെൻറിനെ അനുകരിച്ചുപോവുമെന്നു വിചാരിക്കരുതു്. മനുഷ്യഹൃദയത്തിന്റെ കാട്ടുപടലങ്ങളിലൂടെ റെജിമെൻറുകൾക്കു് സഞ്ചരിക്കാൻ കഴിയുകയില്ല. ഉയർന്ന തരത്തിലുള്ള പ്രചരണം ഇതു് സാദ്ധ്യമാണെന്നു പറയുന്നു. ഈ മന്ദതയുള്ള കൂട്ടത്തിൽ ചേരുന്നതാണു് കാച ഭടന്മാർക്കുള്ള ഏററവും വലിയ വിപത്തു്. യുദ്ധത്തിന്നു മുമ്പു്, ഫ്രഞ്ചു നോവലെഴുത്തുകാരനായ ജോർജ്ജു് ഡ്യൂമൽ, പ്രചരണം, കമ്പിയില്ലാകമ്പി, സിനിമ തുടങ്ങിയവ അച്ചടിയക്ഷരങ്ങളെ റെജിമെൻറുകളാക്കി തീർക്കുമെന്നുള്ള ഭയാശങ്ക പുറപ്പെടുവിക്കുകയുണ്ടായി.

"വാദപ്രതിവാദത്തിന്നൊരുമ്പെടാതെ വെറുതെ നിങ്ങൾക്കു പറഞ്ഞുതരുകമാത്രം ചെയ്യുന്ന പ്രചരണം" കമ്പിയില്ലാകമ്പിയിലും സിനിമയിലും വളരെ പ്രയോജനകരമായിട്ടുണ്ടു്. ഡ്യൂമൽ മറന്ന ഒരു നേട്ടമുണ്ടു്. പത്തൊമ്പതാം നൂററാണ്ടിൽ സമാരംഭിച്ച വിദ്യാഭ്യാസപ്രസ്ഥാനത്തിന്റെ ഫലങ്ങൾ കൊയ്യെടുക്കുകയാണു് ഇന്നു നമ്മൾ എന്നതു്. ആധുനിക മനുഷ്യൻ എത്രത്തോളം കാണുകയും, കേൾക്കുകയും ചെയ്യുന്നുവോ, അത്രത്തോളം വായിക്കുന്നതിന്നും മനസ്സിലാക്കുന്നതിന്നും ഉള്ള ആഗ്രഹം അവനിൽ അങ്കുരിക്കുന്നുണ്ടെന്നു് ഡ്യൂമൽ മനസ്സിലാക്കിയില്ല. മനുഷ്യൻ കേൾക്കുന്നതു് വായിക്കുന്നതിന്നുവേണ്ടിയാണു്. എന്നാൽ ഡ്യൂമൽ മനസ്സിലാക്കാത്ത ഒരു പ്രധാന സംഗതി പരിഷ്ക്കാരത്തെ സംഹരിക്കുമെന്നു തോന്നിച്ച യുദ്ധം അതേസമയത്തുതന്നെ ഒരു സാമൂഹ്യവിപ്ലവമായിരുന്നുവെന്നതത്രേ.

ക്രോംവെല്ലിന്നുശേഷം ഒരു പുതിയ വർഗ്ഗം അധികാരത്തിൽ വന്നു; അവർ നവീന രീതിയിൽ പുതിയ പുസ്തകങ്ങൾ എഴുതി. അവർ "റോബിൻസൺ ക്രൂസോ" എഴുതുകയും ഇംഗ്ലീഷാഖ്യായിക കണ്ടുപിടിക്കുകയും ചെയ്തു. ഈ രാജ്യത്തു ഒരു പുതിയ വർഗ്ഗം ഇന്നുണ്ടായിട്ടുണ്ടു്. യുദ്ധത്തിന്നുശേഷമുള്ള ഒരു തലമുറക്കുശേഷം ബോംബേററ ഗ്രന്ഥശാലയിൽ ഇതേവരേയും വരക്കാത്ത ഇംഗ്ലണ്ടിന്റെ പുതിയ ചിത്രം കാണപ്പെടും; അതു ചെയ്യപ്പെടുക സാധാരണ മനുഷ്യന്റെ അസാധാരണ പ്രതിഭയുടെ ഫലമായിട്ടായിരിക്കും. കഴിഞ്ഞ 500 വർഷങ്ങളോളമായി ഈയപട്ടാളക്കാർ സാമൂഹ്യരീതിയിലേക്കു് പതുക്കെ പതുക്കെ പ്രവേശിക്കാൻ തുടങ്ങിയിട്ടുണ്ടു്. പരിഷ്ക്കാരത്തിലെ ഈ സംഘട്ടനദശക്കു് നാം ഒരു കണക്കിൽ നന്ദി പറയുകതന്നെ വേണം. ഇതിൽ എത്ര നന്മതിന്മകളുണ്ടെന്നു കാചഭടന്മാർ കണ്ടുപിടിച്ചാലും, യഥാർത്ഥ മനുഷ്യത്വത്തിന്റെ ദൃഢബോധം അവർ അവസാനത്തിൽ കണ്ടുപിടിക്കാതിരിക്കയില്ല. ടോൾസ്റ്റോയി ആശിച്ചപോലെയുള്ള ഒരു ബോധരഹിതമായ മനുഷ്യസമുദായമല്ല; പിന്നേയൊ മനസ്സാക്ഷിയുള്ള ഉൽബുദ്ധമായ മനുഷ്യസമുദായമാണു് ഇന്നു് രൂപമെടുത്തു വരുന്നതു്.

---

(8-ാം പേജിൽനിന്നു തുടർച്ച)

മാക്കിക്കൊണ്ടു നടന്നു തുടങ്ങി. ഇടക്കിടക്കുള്ള കൊള്ളിമീൻ മിന്നലുകൾ ആ സാഹസികന്റെ പാദങ്ങളെ നേരെ നയിച്ചു. നായ്ക്കളുടെ ഓരിയിടൽമാത്രം അവന്റെ ഹൃദയത്തെ അസ്വസ്ഥമാക്കി. അവന്റെ അന്തരാത്മാവിൽനിന്നു് അടിക്കടി ഈ സംശയം ഉയർന്നുകൊണ്ടിരുന്നു, "എന്റെ അമ്മക്കു എന്തു സംഭവിച്ചുവോ, എന്തോ?"

മാധവന്റെ ഗൃഹത്തിലേക്കു ഇനി ഒരു വിളിപ്പാടു ദൂരമേയുള്ളു. ആ കുടിലിന്റെ തെക്കുഭാഗത്തായി ഒരു ജ്വാലപ്രകാശം. ഇടറുന്ന കാലുകളോടെ മാധവൻ മുമ്പോട്ടു പാഞ്ഞു. അവന്റെ ഗൃഹം ആ ചെറു കുടിൽ ഒരു ദുർഭൂതത്തെപ്പോലെ തലയുയർത്തി നിൽക്കുന്നു. മാധവൻ ഉറക്കെ വിളിച്ചു 'അമ്മാ! അമ്മാ!' എന്നു. ഒരുത്തരവും ലഭിച്ചില്ല. അവന്റെ അമ്മ തെക്കുവശത്തുള്ള ചിതാനലജ്വാലകളിലൂടെ അവനെ കൈമാടി വിളിച്ചു.

'അമ്മാ' എന്ന ഒരു ദയനീയ രോദനത്തിന്റെ അലകൾ രാത്രിയുടെ പ്രശാന്ത നിശ്ശബ്ദതയെ പിളർന്നുകൊണ്ടു ആ ഗ്രാമപ്രദേശത്തെങ്ങും സഞ്ചരിച്ചു.

# വിമുക്തമാക്കപ്പെട്ട റംഗൂണിൽ

(ക്യാപ്റ്റൻ ശ്രീനിവാസൻ.)

1942 മാർച്ച് മുതൽക്കു റംഗൂൺ ജപ്പാന്റെ അധീനത്തിലായി. അതൊരു പ്രണപ്പെട്ട നഗരവും ബർമ്മയുടെ തലസ്ഥാനവുമാണ്.

ബർമ്മയിലെ വിജയപ്രദമായ സമരം കഴിഞ്ഞ മേയി 3-ാംനു ബ്രിട്ടീഷ് സൈന്യങ്ങളാൽ റംഗൂൺ വിമോചിക്കപ്പെടുന്നതിൽ ചെന്നവസാനിച്ചു.

ജപ്പാന്റെ കീഴിൽ ആ നഗരം വളരെയധികം നരകയാതനകൾ അനുഭവിച്ചു. അവിടുത്തെ വ്യവസായം അധഃപതിച്ചു. അവിടെ ഭക്ഷണം, വസ്ത്രം, തുടങ്ങിയ ജീവിതാവശ്യങ്ങൾക്കുള്ള ക്ഷാമം മൂർദ്ധന്യദശ പ്രാപിച്ചു. അതെല്ലാം ജപ്പാൻകാർ ബർമ്മക്കാർക്കു നിഷേധിച്ചു.

ജർമ്മനിയിലെ 'ഗസ്റ്റാപ്പൊ'വിനോടുപമിക്കാവുന്ന തരത്തിലുള്ള ജപ്പാന്റെ 'ക്രംപററാ' എന്ന മിലിററി പോലീസിന്റെ മർദ്ദനമനുഭവിച്ചുകൊണ്ട്, നാവനക്കുന്നതിന്നോ, ഇളകുന്നതിന്നോ സാധിക്കാതെ ജനങ്ങൾ, ജീവിക്കേണ്ടിവന്നു.

ജാപ്പ് മൽപിടുത്തത്തിൽനിന്ന് റംഗൂണിനെ വിമോചിപ്പിച്ചതോടുകൂടി, ജനങ്ങൾക്കു നഷ്ടപ്പെട്ട എല്ലാ സ്വാതന്ത്ര്യവും, സൌകര്യങ്ങളും വീണ്ടുകിട്ടി. ഇന്നവരുടെ മുഖത്ത് പുഞ്ചിരിയുടെയും, സംതൃപ്തിയുടെയും നിഴലുകൾ കാണുന്നുണ്ട്.

നഗരത്തിലുള്ള തെമ്മാടികളടക്കമുള്ള ജനദ്രോഹികളെ പിടിച്ചു തടവിലിട്ടതോടുകൂടി, പട്ടണം വീണ്ടും മുൻസ്ഥിതി പ്രാപിച്ചു. ഗവർമ്മെണ്ടു ഉദ്യോഗസ്ഥന്മാരും, പെൻഷ്യൻകാരും 'സിവിൽ കാര്യ ആപ്പീസ്സു'കളിൽ തടിച്ചുകൂടി പ്രവൃത്തിക്കു റിപ്പോർട്ടു ചെയ്യു. അവരെ സംബന്ധിച്ചേടത്തോളം ജാപ്പടിമത്തം ഭയങ്കരമായ ഒരു സംഭവമായിരുന്നു. ഇന്നാകട്ടെ അവരുടെ ജോലികൾ തിരികെ കിട്ടിയതിൽ അവർ സന്തോഷമുള്ളവരായിട്ടുണ്ട്. ജപ്പാനെ സഹായിക്കാതെ തങ്ങളുടെ പ്രവൃത്തി നിർവ്വഹിച്ചവർക്കു, മൂന്നു മാസത്തെ ശമ്പളം മുൻകൂറായും, പെൻഷ്യൻകാർക്കു അവരുടെ ബാക്കി പെൻഷ്യൻ മുഴുവനും കൊടുത്തുവരുന്നു.

തൊഴിലാളികളുടെ കുറവുണ്ടെങ്കിലും റംഗൂൺ വൃത്തിയാക്കാൻ തുടങ്ങിയിട്ടുണ്ട്. മുമ്പു റംഗൂണിൽ നടന്നിട്ടുള്ളവക്കറിയാം റംഗൂൺ അത്രയധികമൊന്നും നശിച്ചിട്ടില്ലെന്ന്. യൂറോപ്യൻ വട്ടങ്ങളെ അപേക്ഷിച്ച് റംഗൂൺ വളരെ കുറച്ചെ നശിച്ചിട്ടുള്ളൂ.

തെരുവുകളെല്ലാം ജനനിബിഡിതമായും ഷാപ്പുകളെല്ലാം തുറന്നും കാണുന്നുണ്ട്. രക്ഷപ്പെട്ടുവെന്നു വിശ്വാസവും മനോഭാവവും എല്ലായിടത്തുമുണ്ട്. കച്ചവടക്കാർ ജപ്പാൻകാരിൽനിന്നു ഒളിച്ചുവെച്ച സാധനങ്ങൾ പുറത്തിറക്കി വില്പനക്കു വെച്ചിട്ടുണ്ട്. ഫ്രേസർ, ഡെൽഹൌസി, മർച്ചൻറ് തുടങ്ങിയ തെരുവുകളിൽ സാധാരണപോലെ കച്ചവടം ആരംഭിച്ചിരിക്കുന്നു. ചൈനാ

(൮-ാം പേജിൽനിന്നു തുടർച്ച)

ച്ചാണ് ജ്ഞാനസ്നാനം ചെയ്യിക്കുന്നത്. വ്യവസായികലാബറട്ടറിയുടെ കൃത്യത്തെ സോദാഹരണം കാണിക്കാം. ചായത്തെത്തന്നെ എടുക്കുക. ഒരു കെമിസ്റ്റ് കോൾട്ടാറിൽനിന്നു ഒരു പുതിയ തരം ചായം എടുക്കാമെന്നു കണ്ടുപിടിക്കുന്നു. എത്ര കുഴപ്പമേറിയതാണ് അത്? വ്യാപാരപരമായി അതെങ്ങിനെ പ്രയോജനപ്പെടുത്താം? ഒരു പ്രത്യേക അളവ് കോൾട്ടാറിൽനിന്നു എത്ര ചായം കിട്ടും? അതെടുക്കുന്നതിന്നു എത്ര ചെലവു വരും? ഇതിന്നു പററിയത് ഏതു തരം യന്ത്രമാണ്? ഫാക്ടറിയിൽ അതെടുക്കുവാൻ തുടങ്ങുമ്പോൾ, അതിന്നെത്ര ദശകളുണ്ടായിരിക്കും? അസംസ്കൃതപദാർത്ഥങ്ങൾക്കു എന്തു് ചിലവുണ്ടാകും? ഇങ്ങിനെയുള്ള പല പ്രശ്നങ്ങളെക്കുറിച്ചും ഇവിടെ ആലോചിക്കേണ്ടിവരുന്നു. ഈ സന്ദർഭത്തിൽ വെറും ശാസ്ത്രകാരന്നോ; സംസ്കരിക്കുന്നവന്നോ ഇവക്കെല്ലാം ഉത്തരം നൽകാൽ സാധ്യമല്ല. അവസ്ഥ സാങ്കേതിക വൈദഗ്ദ്ധ്യവും ഫാക്ടറി സ്ഥിതികളെപ്പററിയുള്ള ഗ്രാഹ്യവും, ശാസ്ത്രീയ പരീക്ഷണവും ഉള്ള ആളുകൾ ആവശ്യമാണ്.

ഇങ്ങിനെയുള്ള പ്രശ്നങ്ങളെപ്പററി പഠിക്കുന്ന ഒരു സ്ഥാപനത്തെയാണ് ഇൻഡസ്ട്രിയൽ ലാബറട്ടറി എന്നു ഞാൻ പറയുന്നതു. തികച്ചും അഭിവൃദ്ധി പ്രാപിക്കേണ്ട ഒരു വ്യവസായത്തിന്നു ഇതു അപരിത്യാജ്യമാണുതാനും. വെറും ശാസ്ത്രം കൊണ്ടുമാത്രം കാര്യമില്ല. ഉടൻതന്നെ അവ പ്രായോഗികതയിലേക്കു പ്രവേശിപ്പിക്കുന്നതിന്നുള്ള സജ്ജീകരണങ്ങളും അതോടൊപ്പം വേണം.

കൽക്കരിയുടെ ഈ ചപ്പുചവറുകളിൽ നടത്തിയ പരീക്ഷണം മൂലമുണ്ടായിട്ടുള്ള വ്യവസായങ്ങൾ ധാരാളമുണ്ട്. പല വർണ്ണത്തിലുമുള്ള ചായങ്ങൾ, ബെൻസോൾ, സുഗന്ധദ്രവ്യങ്ങൾ, മരുന്നുകൾ, ഇങ്ങിനെ പലതും സംജാതമായി. ഇവയൊക്കെയുണ്ടാവാൻ സാധിച്ചതു് വെറും കുപ്പയിൽ കൊട്ടിയിരുന്ന ചപ്പുചവറുകളെടുത്തു ശാസ്ത്രീയമായി നടത്തിയ പരിശോധന മൂലമാണെന്ന് പ്രത്യേകം പ്രസ്താവ്യമത്രേ.

ഇതിൽനിന്നു നാം പഠിക്കേണ്ട ഗുണപാഠം വ്യക്തമാണ്. സമുദായത്തിന്റെ ഇന്നത്തേയും നാളെത്തേയും ആവശ്യങ്ങൾ നിറവേററണമെങ്കിൽ വ്യവസായത്തിൽ ശാസ്ത്രീയതത്വങ്ങൾ യഥാവിധി പ്രയോഗിക്കേണ്ടതാണ്. വ്യവസായവും ശാസ്ത്രീയ പരീക്ഷണവും തമ്മിൽ ഏകീകരണം വേണം.

ശാസ്ത്രത്തെ വൈയവസായിക തുറയിൽ പ്രയോഗിക്കുന്നതിൽ മുഖ്യമായും മൂന്നു ദശകളുണ്ട്. ആദ്യമായിത്തന്നെ തനിശാസ്ത്രത്തിനെ കണ്ടുപിടിക്കണം. തങ്ങളുടെ ലാബറട്ടറികളിലിരുന്നു മൌലികസിദ്ധാന്തത്തെപ്പററി പര്യാലോചിക്കുന്നവരും പുതിയ അന്വേഷണപരിധികൾ ആരായുന്നവരുമായി വിവിധ വകുപ്പുകളിലുൾപ്പെട്ട ധാരാളം ശാസ്ത്രകാരന്മാരുണ്ട്. അവർ പ്രവർത്തിച്ചുവരുന്നതു് സർവ്വകലാശാലകളിലും ഗവർമ്മെണ്ടു സ്ഥാപനങ്ങളിലും, മ്യൂസിയങ്ങളിലും, ഗ്രന്ഥാലയങ്ങളിലുമാണ്. അവരുടെ സംഘത്തിന്റെ പത്രങ്ങളിൽ അവർ ഗവേഷണഫലമായി സമ്പാദിച്ച പുതിയ വിജ്ഞാനത്തെപ്പററിയും കണ്ടുപിടുത്തത്തെപ്പററിയും പ്രസിദ്ധപ്പെടുത്തിവരാറുണ്ട്. സൌജന്യമായിത്തന്നെ ആ വിവരങ്ങൾ പലപ്പോഴും ലോകത്തിന്നു ലഭിക്കുന്നു. തങ്ങൾക്കു വേതനവും പ്രവർത്തനസൌകര്യങ്ങളും കിട്ടുന്നതിന്നു ഈ ശാസ്ത്രകാരന്മാർ കെഞ്ചിയാചിക്കുന്നു. ചിലപ്പോൾ ഈ സൊല്ലയൊഴിക്കുന്നതിന്നു വേണ്ടി ചില ചെറിയ തുകകൾ അവർക്കു നൽകിവരാറുമുണ്ട്.

വ്യവസായാഭിവൃദ്ധിയിലേർപ്പെട്ടിരിക്കുന്ന എത്ര പേർ ഇക്കാര്യത്തെപ്പററി തികഞ്ഞ ശ്രദ്ധയോടെ ആലോചിച്ചിട്ടുണ്ട്? രാജ്യത്തിന്റെ നൈസർഗ്ഗികവിഭവങ്ങളെ പരിപൂർണ്ണമായും കണ്ടറിഞ്ഞു വ്യവസായവർദ്ധനവിന്ന് ഉപയോഗിക്കണമെങ്കിൽ അതിന്നു ശാസ്ത്രീയ പരിശോധനയും പഠനവും അത്യാവശ്യമാണെന്നു ആയാൾ എപ്പോഴും ചിന്തിക്കാറുണ്ടോ? നൈസർഗ്ഗിക വിഭവങ്ങളിൽ, ശാസ്ത്രീയ പരിജ്ഞാനത്തെക്കൂടി ഞാൻ ഉൾപ്പെടുത്തിയിട്ടുണ്ട്. വ്യവസായമേധാവികളും രാജ്യമീമാംസകന്മാരും—ലക്ഷക്കണക്കിലുള്ള തൊഴിലാളികളുടെ രക്ഷ അവരുടെ ഹസ്തങ്ങളിലാണ് നിക്ഷിപ്തമായിരിക്കുന്നത്—ഈ പ്രശ്നങ്ങളെപ്പററി വേണ്ടത്ര ഗ്രഹിച്ചിരുന്നുവെങ്കിൽ, ഉല്പാദനവും വിതരണവും ശാസ്ത്രീയമായ വീക്ഷണകോണത്തിലൂടെ അവർ കണ്ടിരുന്നുവെങ്കിൽ, ശാസ്ത്രത്തിന്റേയും ഉല്പാദനത്തിന്റെയും ഇടയിലുള്ള വിടവ് എത്രയോമുമ്പേ നികത്താമായിരുന്നു. പുതിയ ആശയങ്ങൾ ഇന്നു നിലവിലുള്ള വ്യവസായങ്ങളെ കൂടുതൽ ഗുണപൌഷ്കല്യമുള്ളതാക്കുക മാത്രമല്ല, പുതിയ വ്യവസായങ്ങളെക്കൂടി നിർമ്മിക്കുന്നു. അതാണ് അതിപ്രധാനമായിട്ടുള്ള കാര്യം.

ഞാനിതേവരെ പറഞ്ഞ വിധത്തിൽ അപൂർവ്വമായേ സംഭവിച്ചിട്ടുള്ളൂ. അങ്ങിനെ വരുവാനുള്ള കാരണങ്ങളെന്താണെന്നു നോക്കുക. ഒന്നുകിൽ വ്യവസായത്തലവന്മാർക്കു അതേപ്പററി അറിഞ്ഞുകൂടായിരിക്കാം. അല്ലാത്തപക്ഷം, ശാസ്ത്രീയ പരീക്ഷണത്തെ പ്രോത്സാഹിപ്പിച്ച് വ്യവസായത്തിന്റെ ഒരു അവിഭാജ്യഘടകമായി അതിനെ അഭിവൃദ്ധിപ്പെടുത്തുന്നതിന്ന് വേണ്ടത്ര ചെലവുകൾ വഹിക്കത്തക്കവിധത്തിൽ വമ്പിച്ച രീതിയിൽ വ്യവസായിക സ്ഥാപനങ്ങൾ വളർന്നിട്ടുണ്ടായിരിക്കയില്ല. രണ്ടാമതു പറഞ്ഞതാണു കാരണമെങ്കിൽ, ഈ ചെറുസ്ഥാപനങ്ങൾ ഒന്നിച്ചു ചേർത്തു കൂട്ടായിത്തീർക്കുകയാണ് വേണ്ടതു്. ഒററയ്ക്കുള്ള അവയുടെ നില്പു, സാമൂഹ്യരീതിയുടെ കഴുത്തിൽ തൂക്കിയിട്ട ഒരു മുട്ടിയാണ്. സമുദായത്തിന്റെ പൊതുതാല്പര്യത്തെ മുൻനിർത്തി ദൂരവ്യാപകമായ ഒരു വീക്ഷണം അവലംബിക്കുന്നതിന്നു അവർ തയ്യാറാണോ? ഇന്നത്തെ വ്യവസായസംഘടനയേയും, അവയുടെ ഉദ്ദേശ്യത്തേയും സൂക്ഷ്മമായി പരിശോധിച്ചാൽ ഇതിന്നു ഉത്തരം കിട്ടുന്നതാണ്. ശാസ്ത്രീയ മനുഷ്യന്റേയും, യന്ത്രത്തിന്റേയും നടുവിൽ എവിടേയോ ഒരു വിടവുണ്ട്; ആ വിടവു ശാസ്ത്രീയ പ്രാപ്തിയേയും, യാന്ത്രിക വൈദഗ്ദ്ധ്യത്തേയും തികച്ചും ഫലപ്രദമാകുന്നതിന്നു അനുവദിക്കുന്നില്ല.

പരിഷ്കാരം കൂടുതൽ യാന്ത്രീകൃതവും ശാസ്ത്രീയവുമായിത്തീരുമ്പോൾ സാമൂഹ്യജീവിതം ശാസ്ത്രീയരീതികളിൽ ഒട്ടിപ്പിടിച്ചു തുടങ്ങുമ്പോൾ, അതോടൊപ്പംതന്നെ വിദ്യാഭ്യാസ സമ്പ്രദായവും വികസിച്ചുവരാതെ ഗത്യന്തരമില്ല. പഴയ യന്ത്രം തുരുമ്പിച്ചു ഉപയോഗശൂന്യമായി വലിച്ചെറിയപ്പെടുന്നപോലെ, സാമൂഹ്യപാരമ്പര്യത്തിലും പഴമയിലും പററിപ്പിടിച്ചു നിൽക്കുന്ന അന്ധവിശ്വാസങ്ങളും മാമൂലുകളും പരിത്യജിക്കേണ്ടിയിരിക്കുന്നു. ഒന്നിച്ചു ജീവിക്കുക. എന്ന വിഷമകൃത്യം പഠിപ്പിക്കേണ്ടതു വിദ്യാഭ്യാസത്തിലൂടെയാണ്. വിദ്യാഭ്യാസത്തിന്നുള്ള കൃത്യം ചെയ്യുന്നതിന്നു അതിന്നു സാധ്യമാകണമെങ്കിൽ ശാസ്ത്രീയമായ പഠനം കൂടിയേ കഴിയൂ. വിമർശനത്തിന്നു വിധേയമല്ലാത്തതും യുക്തിവാദത്തിന്റെ മുമ്പിൽ വിളറുന്നതുമായ എല്ലാതരം ആചാരാനുഷ്ഠാനങ്ങളേയും ആശയഗതികളേയും വലിച്ചെറിയണം. ശാസ്ത്രീയമായ അടിസ്ഥാനത്തിൽ വേണം വിദ്യാഭ്യാസരീതി നിർമ്മിക്കാൻ. സാങ്കേതിക വിദ്യാഭ്യാസത്തെപ്പററിയല്ല, മൌലികമായ കൂടുതൽ സാംസ്കാരികമായ ഒന്നിനെപ്പററിയാണ് ഞാൻ പറയുന്നത്.

ഒരായിരം വിധത്തിൽ സയൻസ് വിദ്യാഭ്യാസം സാധ്യമാക്കിയിട്ടുണ്ട്. ഗ്രന്ഥങ്ങൾ, ചിത്രങ്ങൾ, ഫിലിം, ഗ്രാമഫോൺ, വയർലസ് ഇവയെല്ലാം വിദ്യാഭ്യാസത്തിന്നു പററിയ ഉപകരണങ്ങളത്രേ. എന്നാൽ ഇവ സയൻസിന്റെ യന്ത്രങ്ങളാണ്; സയൻസിന്റെ ആത്മാവ് വിദ്യാഭ്യാസത്തിൽ ചെലുത്തേണ്ടിയിരിക്കുന്നു; അവ സാമൂഹ്യമായുള്ള കേടുപാടുകളിലും വ്യാപരിപ്പിക്കണം. ഈ തലമുറയിലുള്ള ചിന്തകന്മാരേയും അദ്ധ്യാപകന്മാരേയും അഭിമുഖീകരിക്കുന്ന ഒരു ശ്രദ്ധേയമായ പ്രശ്നമാണിതു്. വിമർശനപരമായ ദീർഘദൃഷ്ടിയോടെ സാമൂഹ്യജീവിതത്തെ പുരോഗമിപ്പിക്കുവാനുദ്യമിക്കുകയും, കണിശമായ വിജ്ഞാനംകൊണ്ടു സ്വഭാവരൂപീകരണത്തിന്നു ശ്രമിക്കുകയും ചെയ്യുന്ന സയൻസ് മനുഷ്യസമുദായത്തിന്നു ഇനിയും ഒരു നവ്യഭാവി സൃഷ്ടിക്കുന്നതായിരിക്കും.

ടൌണിലും അതുപ്രകാരം കച്ചവടം തുടങ്ങിയിട്ടുണ്ട്. ക്ഷേത്രങ്ങളും, പള്ളികളും തുറന്നു ആരാധനകൾ തുടങ്ങി. റംഗൂണിലെ ജലവിതരണപദ്ധതികളെല്ലാം ഉപയോഗപ്രദമാക്കിയതിൽ പട്ടാള എഞ്ചിനീയരോടു നന്ദി പറയുക തന്നെവേണം.

പട്ടണത്തിലെ ആരോഗ്യം പൊതുവിൽ നല്ലതാണ്. ജപ്പാന്റെ കീഴിലുള്ള ഭക്ഷണമില്ലായ്മയും, പോഷകസാധനങ്ങളില്ലായ്മയും കൊണ്ട്, അല്പാല്പം പകർച്ചവ്യാധികൾ ഇല്ലെന്നില്ല. ആരംഭത്തിൽ പട്ടാള ഡോക്ടർമാരെ ഇതിന്നു നിവാരണ വരുത്തുന്നതിന്നു വിനിയോഗിച്ചു. എല്ലാവിധ ചികിത്സാസൌകര്യങ്ങളും ചെയ്തുകൊടുത്തു. ഒരു പകർച്ചവ്യാധി ആസ്പത്രി ഇപ്പോൾ തുറന്നിട്ടുണ്ട്.

ലേബർ ഡിപ്പാർട്ട്മെണ്ടും, ദുരിതനിവാരണ ഡിപ്പാർട്ട്മെണ്ടും, അശരണരായവൎക്ക് വസ്ത്രവും ഭക്ഷണവും കൊടുക്കുന്നതിന്നു ഒട്ടേറെ കേന്ദ്രങ്ങൾ തുറന്നിട്ടുണ്ട്. അഭ്യസ്തവിദ്യരായവൎക്കും ഉദ്യോഗാൎത്ഥികൾക്കും ജോലി കൊടുക്കുന്നുണ്ട്. എല്ലാ ജോലിക്കാരെയും 'അവശ്യ' ജോലികൾക്കായി ഉപയോഗിക്കുകയും അവൎക്കു ദിവസക്കണക്കിൽ കൂലി കൊടുക്കുകയും ചെയ്തുവരുന്നു. തൊഴിലാളികൾക്കു ക്യാമ്പുകൾ സ്ഥാപിച്ചിട്ടുണ്ട്.

വിദ്യാഭ്യാസമുള്ളതുകൊണ്ട് ജനങ്ങൾ പത്രപാരായണത്തിൽ ഔത്സുക്യമുള്ളവരാണ്. ജാപ്പാധിപത്യത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന പത്രങ്ങൾ അവരുടെ കൎശനമായ പരിശോധനക്ക് വിധേയമായിരുന്നു. എന്നുമാത്രമല്ല, ജാപ്പാന്റെ കേന്ദ്രങ്ങളിൽനിന്നു വരുന്ന വാൎത്തകളും അവരുടെ പ്രചരണ സമ്പ്രദായവുമായിരുന്നു അതിൽ അധികം. അതുംകൂടി ജാപ്പ് പട്ടാളമേധാവികളുടെ സമ്മതത്തോടെ മാത്രമേ പ്രസിദ്ധീകരിച്ചിരുന്നുള്ളു. ഈ പരിതസ്ഥിതിയിൽ നിരവധി പത്രങ്ങൾ പ്രസിദ്ധീകരണം നിൎത്തിവെച്ചു. ബ്രിട്ടന്റെ പത്രസ്വാതന്ത്ര്യനയം ഇപ്പോഴവൎക്ക് ബോദ്ധ്യപ്പെടാൻ തുടങ്ങിയതിന്റെ ഫലമായി പഴയ പത്രങ്ങളെല്ലാം പുറത്തു വന്നു തുടങ്ങി.

ഇപ്പോൾ റംഗൂണിൽനിന്ന് "റംഗൂൺ ലിബറേറർ" എന്ന ഇംഗ്ലീഷ് പത്രവും "ന്യൂലൈററ് ഓഫ് ബൎമ്മ," "സൺ" എന്നീ ദേശീയ പത്രങ്ങളും അവയുടെ സ്വതന്ത്രാഭിപ്രായങ്ങളെ പുറപ്പെടുവിച്ചു കൊണ്ടു പ്രസിദ്ധീകരണം തുടങ്ങിയിട്ടുണ്ട്. ഇതിന്നും പുറമെ രണ്ടു തമിഴ് പത്രങ്ങളും, ഹിന്ദി, ഉറുദു, ചൈനീസ് ഭാഷകളിലുള്ള പത്രങ്ങളും പ്രസിദ്ധീകരണം തുടങ്ങിയിട്ടുണ്ട്. ചുരുക്കിപ്പറഞ്ഞാൽ റംഗൂണിന്റെ മോചനത്തോടുകൂടി പത്രസ്വാതന്ത്ര്യവും കയ്യുന്നിരിക്കുന്നു.

മൂന്നു സിനിമ കൊട്ടായികൾ ഇപ്പോൾ നാട്ടുകാരാൽ നടത്തിവരുന്നുണ്ട്. ജപ്പാന്റെ ആധിപത്യകാലത്തു യാതൊരു പുതിയ പടങ്ങളും നിൎമ്മിച്ചിട്ടില്ല. ഇപ്പോൾ പുതിയ (News-reels and Documentary Films) പടങ്ങൾ കാണിക്കാൻ തുടങ്ങിയിട്ടുണ്ട്.


പോസ്റ്റാഫീസുകളെല്ലാം പഴയപടി ക്രമത്തിൽ പ്രവൎത്തനം തുടങ്ങിയിരിക്കുന്നു.

റംഗൂണിന്റെ മോചനത്തിന്നുശേഷം നടന്ന ഏററവും വമ്പിച്ച സാമുദായിക സംഭവം, സഖ്യപക്ഷ സൈന്യാധിപനും മററു പൊതുജനപ്രമുഖന്മാരുമടങ്ങിയ 'വിക്ററി പരേഡ്' ആയിരുന്നു. ഇതിൽ സാധാരണ ജനങ്ങൾക്കും പങ്കുണ്ടായിരുന്നു. പാവങ്ങൾക്കും വൃദ്ധന്മാൎക്കും അന്നദാനവും, വസ്ത്രദാനവും ഉണ്ടായി. ബൎമ്മയിലെ ബുദ്ധ സന്യാസിമാർ അവരുടെ കൂറും ബഹുമാനവും ഐക്യ രാഷ്ട്രത്തോടാണെന്നു പ്രഖ്യാപിക്കുന്ന ഒരു പ്രമേയം സ്വീകരിച്ചു. ജനങ്ങൾക്കു സൌജന്യമായി സിനിമാ കാണിച്ചുകൊടുത്തു വന്നിരുന്നു.

മൂന്നു കൊല്ലത്തിന്നുശേഷം റംഗൂണിലെ ജനങ്ങൾ സ്വതന്ത്രമായി അവരുടെ രാഷ്ട്രീയാഭിപ്രായങ്ങളെ പ്രകാശിപ്പിക്കാൻ തുടങ്ങി. ഭരണഘടനാ നിൎദ്ദേശത്തെക്കുറിച്ചു പത്രങ്ങൾ വിശകലനം നടത്തി. ബൎമ്മയിലെ രാഷ്ട്രീയ നേതാക്കൾക്കു ഗവൎണ്ണരെ കാണുന്നതിന്നും അവരുടെ രാഷ്ട്രീയ ഭാവിയെക്കുറിച്ചു അദ്ദേഹവുമായി സംസാരിക്കുന്നതിന്നും സാധിച്ചു.

ബ്രിട്ടീഷ്കാരുടെ വശം രാജ്യം കയ്യുന്നതോടുകൂടി തങ്ങളുടെ വ്യക്തിസ്വാതന്ത്ര്യം സുരക്ഷിതമായെന്നു ബൎമ്മയിലെ ജനങ്ങൾക്കു മനസ്സിലായി. 1935 ലെ ഭരണഘടനപ്രകാരം അവൎക്കു സ്വയംഭരണത്തിന്നുള്ള അധികാരം കരഗതമായിട്ടുണ്ട്.

എന്നാൽ ഇന്നത്തെ ഏററവും പ്രധാനമായ പ്രശ്നം റംഗൂൺ നഗരത്തിന്റെ പുനഃനിൎമ്മാണവും തന്മൂലം അതു വീണ്ടും അധിവാസയോഗ്യമാക്കിത്തീൎക്കുകയുമാണ്. ഇന്നത്തെബൎമ്മയിലെ സിവിൽ പ്രവൎത്തികാരുടെ മുദ്രാവാക്യവും, അവരെ ഭരമേൽപിച്ചിട്ടുള്ളതും "നാം നമ്മുടെ പ്രവൎത്തി തുടൎന്നുകൊണ്ടേ പോവുക" എന്നതാണ്.




വിമോചനത്തിന്റെ ഫലം ആദ്യം
അക്ഷരമാല പഠിക്കലാണ്



നാണ്യങ്ങൾ മാററുന്നതിന്നു ഖജാനക്കു മുമ്പിൽ
ആളുകൾ തിക്കിക്കൂട്ടുന്നു

"വെമ്പുക, വെറപ്പോടെ-
വെമ്പുക, നാടൊട്ടുക്കും-
വെമ്പുക കൊടുങ്കാറേറ,
നൎത്തനം ചെയ്യാനായ് നീ!

പഴമപ്പിശാചുക്കൾ
പേടിയാന്നൊളിയ്ക്കട്ടെ,-
യഴകിൽ പുത്തൻരീതി
പൂക്കട്ടെ മന്നിൻതോപ്പിൽ!"

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.